മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 11 | THE ONLINE OFFICIAL NEWS BULLETIN | 2021 March 13

SEASON OF GREAT LENT | വലിയ നോമ്പുകാലം | ܥܕܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
14  ♪5 hadbšabo d Kfifto (Crippled Woman) 5th Sunday of Great Lent	15 ♪1	16 ♪5	17  ♪1 59th Mem. of Paulose Mar Severios (Kunnamkulam Arthat Puthen Palli)	18 ♪5	19  ♪1 91st Mem. of Sleeba Mar Osthathios (Kunnamkulam Arthat Puthen Palli)	20 ♪5



പരുമല ആശുപത്രിയിലെ നെഫ്രോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ലോക വൃക്കദിനാചരണം ആചരിച്ചു. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് അദ്ധ്യക്ഷത വഹിച്ചു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ ആശുപത്രിയിലെ ഡോക്ടർമാരും ജീവനക്കാരും മരണാനന്തര അവയവദാന സമ്മതപത്രം KNOS ന് കൈമാറുകയും, പരുമല കിഡ്നി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ഡയാലിസിസ് രോഗികൾക്ക് വേണ്ടിയുള്ള ചികിത്സാ സഹായം നൽകുകയും ചെയ്തു. പരുമല ആശുപത്രി സി.ഇ.ഒ. ഫാ. എം.സി പൗലോസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷെറിൻ ജോസഫ്, ഡോ. ഹരീഷ് കെ. ജി., ഡോ. മായങ്ക് ഭാരതി, ഡോ. പ്രവീൺ ഗോപി, KNOS ഭാരവാഹികളായ അനീഷ് പി. വി, വിനോദ് കുമാർ എസ്.എൽ, ജോസഫ് ജേക്കബ്, ജോസഫ് ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.



മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ ഇന്ന് 07/03/21 വിശുദ്ധ കുർബ്ബാനക്ക് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കൊല്ലം ഭദ്രാസനാധിപൻ അഭിവന്ദ്യ സഖറിയാ മാർ അന്തോണിയോസ് മെത്രാപോലീത്ത തിരുമേനി വിശുദ്ധ കുർബ്ബാനക്ക് മുഖ്യകാർമ്മികത്വം വഹിക്കുന്നു.

പോലീസ് അന്വേഷണം ഊർജ്ജിതമാക്കി

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ. സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, മാധ്യമ വിഭാഗം അധ്യക്ഷൻ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ്, പബ്ലിക്ക് റിലേഷൻസ് വിഭാഗം ചുമതലക്കാരനായ ഫാ. ഡോ. ജോൺസ് അബ്രഹാം കോനാട്ട് എന്നിവരുടെ ലറ്റർപാഡുകൾ വ്യാജമായി നിർമ്മിച്ച് വ്യാജ വാർത്തകൾ സൃഷ്ടിച്ച് വ്യാജ ഒപ്പുകൾ ചേർത്ത് സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് മാനഹാനി ഉണ്ടാക്കുകയും ഇതിലൂടെ സഭാ വിശ്വാസികളിലും പൊതു സമൂഹത്തിലും മതസ്പർദ്ധയും മറ്റും വളർത്തുകയും ചെയ്യുന്നതിനെതിരേ പോലീസിലും മറ്റും നൽകിയ പരാതിയിൽ കുറ്റക്കാർക്കെതിരേ പോലീസ് അന്വേഷണം ശക്തമാക്കി. നാലിലധികം വരുന്ന കുറ്റക്കാരെ നിരീക്ഷിച്ചു വരികയാണെന്നും തുടർ നടപടികൾ ഉടൻ ഉണ്ടാകുമെന്നും അധികൃതർ അറിയിച്ചു.

സമനില തെറ്റിയ ചിലരുടെ സൃഷ്ടിയായ ഇത്തരം വ്യാജവാർത്തകളെ അർഹിക്കുന്ന ഗൗരവത്തിൽ തള്ളിക്കളയണമെന്ന് ഓർത്തഡോക്സ് സഭാ നേതൃത്വം വിശ്വാസികളോടും പൊതു സമൂഹത്തോടും ആഹ്വാനം ചെയ്തു.




പരുമല സെമിനാരിയിൽ പാതി നോമ്പ് ശുശ്രൂഷകൾക്ക് ഡോ. ഗീവർഗീസ് മാർ യൂലിയോസ് നേതൃത്വം നൽകി. ഡോ. മാത്യൂസ് മാർ സേവേറിയോസ് സന്നിഹിതനായിരുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

സ്ത്രീയേ, നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു



ഡോ. ഗീവർഗീസ് മാർ യൂലിയോസ്

അനുഗ്രഹിക്കപ്പെട്ട ദൈവജനമെ,

രക്ഷാകരമായ വലിയ നോമ്പിന്റെ മദ്ധ്യത്തിൽ നമ്മുടെ കർത്താവിന്റെ വിജയ സ്ലീബാ വി. ദേവാലയത്തിൻ മദ്ധ്യത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു കഴിഞ്ഞു. ഇനിയും നമ്മുടെ ആയുധവും കൊടിയടയാളവുമായ സ്ലീബായിൽ ദൃഷ്ടി പതിപ്പിച്ച് അതിന്റെ പാർശ്വങ്ങളിൽ അണിനിരന്നുകൊണ്ടാണ് വൈരിയായ സാത്താനെ എതിർത്തു തോല്പിക്കുവാനുള്ള നമ്മുടെ യാത്ര പുരോഗമിക്കുന്നത്. "ശക്തിയിൽ പരാക്രമനും യുദ്ധത്തിൽ പ്രബലനും ആകൽക്കറുസായോടു പോരാട്ടവും യുദ്ധവും ചെയ്തു ബലഹീനതയുള്ള ഞങ്ങളുടെ കുലത്തിനു ജയം നൽകുന്നവനുമായ കർത്താവേ' എന്ന് അഭിസംബോധന ചെയ്തുകൊണ്ടാണ് പ്രാർത്ഥന മുന്നേറുന്നത്.


'ചെകുത്താൻ കുരിശു കണ്ടതുപോലെ' എന്ന പ്രയോഗം വെറുതെ ഉണ്ടായതല്ല. സ്ലീബാ ഉയർത്തി നാട്ടപ്പെട്ട ഒരിടത്തും ഒരു പൈശാചികശക്തിക്കും ഒരു വിധത്തിലും കടന്നു കയറുവാൻ സാധിക്കുകയില്ല എന്നത് ഒരു വസ്തുതയാണ്. "കുരിശ് വരയ്ക്കണം, കുരിശ് ധരിക്കണം, കുരിശ് വഹിക്കണം" എന്ന് പിതാക്കന്മാർ നിഷ്കർഷിക്കുന്നത് കുരിശിന്റെ പ്രാമാണികശക്തി മനസ്സിലാക്കികൊണ്ടാണ് എന്ന് ഓർക്കണം.

പാപം രോഗത്തിന് ഹേതുവാകുന്നുവെന്നതിനാൽ പാപരോഗം എന്ന ഒരു പ്രയോഗം തന്നെ നമ്മുടെ ആരാധനക്രമങ്ങളിൽ ഏറെ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇന്ന് ആധുനിക രോഗ നിർണ്ണയ പ്രക്രിയയിലും പാപം രോഗകാരണമാകുന്നുയെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു. പാപം മാനസികവും ശാരീരികവുമായ രോഗങ്ങൾക്ക് മുഖാന്തിരമാവുകയും അതിന്റെ ഫലമായി നാം ആത്മമരണം പ്രാപിക്കുകയും ചെയ്യുന്നു. ഏദനിൽ ആദമിനും ഹവ്വായ്ക്കും സംഭവിച്ചത് ഈ ആത്മമരണമാണ്. അതിൽ നിന്നും മോചനം പ്രാപിക്കുവാനുള്ള ചികിത്സാ സംവിധാനമാണ് വി. നോമ്പ് എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു.

പിതാക്കന്മാരുടെ ഒരു പ്രാർത്ഥനാഭാഗം ശ്രദ്ധിക്കുക: "മനുഷ്യകുലത്തിന്റെ സഹായിയും രക്ഷകനുമായ ദൈവമേ, പാപവികാരത്താൽ രോഗം പിടിപെട്ട ആത്മാക്കളുടെ സൗഖ്യത്തിനു വേണ്ടി നോമ്പാകുന്ന ഔഷധ ഭണ്ഡാരത്തിലേയ്ക്കു നീ ഞങ്ങളെ വഴിനടത്തി. ആത്മനിശ്വാസികളായ പ്രവാചകന്മാരും ദൈവികന്മാരായ അപ്പോസ്തോലന്മാരും വെടിപ്പോടു വിശുദ്ധിയോടും കൂടെ ഈ പരിശുദ്ധ നോമ്പ് അനുഷ്ഠിച്ചതിനാൽ ഏദൻതോട്ടത്തിൽ വച്ച് ഞങ്ങളുടെ പിതാവായ ആദാമിനെ വഞ്ചിച്ച ആകൽക്കറുസായെ തോല്പിച്ച് കീഴ്പെടുത്തി; ആകയാൽ പ. സഭയും പ. നോമ്പിനെ ആദരിക്കുകയും വിശുദ്ധിയോടെ അതിനെ പ്രമാണിക്കുകയും ചെയ്യുന്നു. അതിനാൽ ഞങ്ങൾ പ. റൂഹായുടെ ആലയങ്ങളായി തീരുന്നു; ആത്മശരീരങ്ങളുടെ വിഷമോഹങ്ങളെ ഞങ്ങൾ ജയിക്കുന്നു. അതിനാൽ കർത്താവിന്റെ ശക്തിപ്പെടുത്തുന്ന കൃപ ഞങ്ങളുടെ ബലഹീനതയിൽ ആവസിക്കുന്നു. വി. നോമ്പാൽ ഞങ്ങൾ ദൈവിക ദാനങ്ങൾക്ക് അർഹരാകുന്നു. അനുതപിക്കുന്ന പാപികളുടെ കടങ്ങൾ മോചിക്കപ്പെടുന്നു. വി. നോമ്പിന്റെ ജ്ഞാനം മൂലം മോശയുടെ മുഖംപോലെ ഞങ്ങളുടെ മുഖവും ശോഭിതമാകുന്നു. ആകയാൽ ഞങ്ങൾക്കുവേണ്ടി നോമ്പു നോക്കുകയും ഞങ്ങളെ ആയത് പഠിപ്പിക്കുകയും നോമ്പാകുന്ന ആയുധം ഞങ്ങൾക്ക് നൽകുകയും ചെയ്തവനെ ഞങ്ങൾ സ്തുതിക്കുന്നു.

സകലത്തെയും രൂപാന്തരപ്പെടുത്തുന്ന വി. നോമ്പിന്റെ ശക്തിയിൽ കർത്താവിന്റെ കൃപയാൽ കുഷ്ഠരോഗത്തിൽ നിന്നും തളർച്ചയിൽ നിന്നും മാനസിക വിഭ്രമങ്ങളിൽ നിന്നും മറ്റ് എല്ലാ രോഗാവസ്ഥകളിൽ നിന്നും രക്ഷപ്പെട്ട് രക്ഷാതുറമുഖമായ വി. സ്ലീബായുടെ മുമ്പിൽ നാം എത്തിയിരിക്കുകയാണ്. എന്നാൽ പാപകൂനിന്റെ അടിമയാണെങ്കിൽ സ്ലീബായിലേയ്ക്ക് ദൃഷ്ടി ഉയർത്തുവാൻ നമുക്ക് കഴിയാതെ വന്നേക്കാം. സ്വയംകൃതവും ഒപ്പം സമൂഹം നമുക്ക് ചാർത്തപ്പെട്ടു തരുന്നതുമായ പലവിധ പാപഭാരങ്ങളാൽ നടുവൊടിഞ്ഞ് കൂനിയ അവസ്ഥയിൽ നിന്നും നാം വിമോചിതരായെങ്കിൽ മാത്രമേ നിവർന്നു നിന്ന് സ്ലീബായിലേയ്ക്ക് നോക്കി രക്ഷപ്പെടുവാനും അതിനെ കുമ്പിട്ടു വന്ദിക്കുവാനും അതിന്റെ ശക്തിയാൽ മുന്നോട്ടു സഞ്ചരിക്കുവാനും അതിനെ ആയുധമാക്കി പൈശാചിക ശത്രുവിനെതിരെ യുദ്ധം ചെയ്യുവാനും നമുക്ക് കഴിയൂ.

പതിനെട്ടു സംവത്സരമായി കൂനിയിരുന്ന ഒരു പാവപ്പെട്ട സ്ത്രീയെ ഉദ്ധരിക്കുന്ന അതിമനോഹരമായ സംഭവമാണ് വി. നോമ്പിന്റെ അഞ്ചാം ഞായറാഴ്ചയിൽ ധ്യാനത്തിനായി പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്. രോഗബന്ധനത്താൽ കൂനിയാക്കപ്പെട്ട സ്ത്രീ ഇന്നും സമൂഹമദ്ധ്യേ വലിയ ഒരു പ്രതീകമാണ്. 'അരുത്' എന്ന വിലക്കുകൾകൊണ്ട് അവളെ ബന്ധിക്കുന്ന കുടുംബവും സമൂഹവുമാണ് ഇന്നും അവളുടെ ചുറ്റും കാണുന്നത്. അവൾ കൂടുതൽ കുനിയട്ടെ എന്നാണ് പൊതു പ്രമാണം എന്ന് തോന്നുന്ന അവസ്ഥ. "നാ സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന മനു ആചാ



ര്യന്റെയും 'സ്ത്രീ സമൂഹത്തിൽ മിണ്ടാതിരിക്കട്ടെ' എന്ന വി. പൗലോസ് ശ്ലീഹായുടെയും വാക്കുകൾ അവർ ഉദ്ധരിച്ച് യഥാർത്ഥ അർത്ഥത്തിൽ നിന്നും വ്യതിചലിച്ച് ഉദ്ധരിക്കുന്നതിൽ വ്യഗ്രത കാണിക്കുന്നവർ അവളുടെ കൂനിനെ നിവർത്തിയ കർത്താവിനെ പലപ്പോളും കാണാതെ പോവുകയും "സ്ത്രീയേ നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു; ഉണരുക, എഴുന്നേല്ക്കുക, മുന്നോട്ടു സഞ്ചരിക്കുക. ലക്ഷ്യത്തിലെത്തുക എന്ന ആഹ്വാനങ്ങൾ കാണാതെ പോകുന്നു. സ്ത്രീ വിമോചനവാദികളിൽ ഭൂരിപക്ഷവും സത്യത്തിൽ അവളുടെ കൂനിനെ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. അവളിലേക്ക് കുനിയുവാനും അവളെ കാണുവാനും പ്രതീക്ഷയുടെ വാക്കുകളാലും സഹായഹസ്തങ്ങളാലും അവളെ ഉദ്ധരിക്കുവാനും കഴിയണമെങ്കിൽ നാം ക്രിസ്തുവിന്റെ അനുഭവമുള്ളവരാകണം. പാപത്താൽ തല കുനിഞ്ഞിരുന്ന, സമൂഹം അവളിൽ ആരോപിച്ച കുറ്റങ്ങളാൽ വിറളി പൂണ്ട് കൂനിയിരുന്ന എത്ര സ്ത്രീകളെയാണ് അവൻ ഉദ്ധരിച്ചത്. "സ്ത്രീയേ ഞാനും നിന്നെ വിധിക്കുന്നില്ല; പോക ഇനിയും പാപം കൂടാതെ ജീവിക്കുക" എന്ന കർത്താവിന്റെ കല്പനയും തന്റെ കാൽ കണ്ണുനീർ കൊണ്ട് കഴുകി മുടികൊണ്ട് തുടച്ച സ്ത്രീയെ തോളിൽ പിടിച്ച് എഴുന്നേല്പിച്ച് സമൂഹത്തിൽ നിവർത്തി നിർത്തിയ കർത്താവിനെയും നാം കാണാതെ പോകുന്നുവെങ്കിൽ നമ്മുടെ നോമ്പ് നമസ്ക്കാരങ്ങൾ വ്യർത്ഥം എന്നേ വരൂ.

സ്ത്രീ ശ്രേഷ്ഠയും ബഹുമാന്യയുമായി കാണപ്പെടണമെന്നു തന്നെയാണ് മനു ആചാര്യനും വി. പൗലോസ് ശ്ലീഹായുമൊക്കെ പഠിപ്പിക്കുന്നത്. കൗമാരത്തിൽ പിതാവിനാലും യൗവനത്തിൽ ഭർത്താവിനാലും വാർദ്ധക്യത്തിൽ മക്ക

ളാലും അവർ സംരക്ഷിക്കപ്പെടണം; അവൾ ഉപേക്ഷിതയാകരുത് എന്നാണ് മനുധർമ്മം പഠിപ്പിക്കുന്നത്. സ്വാതന്ത്ര്യം എന്ന പദത്തിന്റെ ഒരു അർത്ഥം മാത്രം അറിയുന്നവർ സ്ത്രീയെ കൂടുതൽ കൂനിയാക്കുവാൻ മനുസ്മൃതിയെ കൂട്ടുപിടിക്കുന്നുവെന്ന് മാത്രം. സ്ത്രീ സ്വാതന്ത്ര്യത്തിനുവേണ്ടി എഴുതുകയും സ്ത്രീകളെ പേർ ചൊല്ലി സംബോധന ചെയ്യുകയും ബഹുമാനിക്കുകയും ചെയ്യുന്ന അനേക ഭാഗങ്ങൾ വി. പൗലോസിന്റെ ലേഖനങ്ങളിൽ ഉള്ളത് ബോധപൂർവ്വം കാണാതിരിക്കുന്നവരാണ് അവളെ കൂനിയാക്കുവാൻ കൂട്ടു നിൽക്കുന്നത് എന്ന് ഓർക്കണം.

'സ്ത്രീ അവമതിക്കപ്പെടുമ്പോൾ സ്വർഗ്ഗം കരയുന്നു' എന്ന് ഒരു പ്രമാണമുണ്ട്. അവളെ സംശയിക്കുന്നവന്റെ മുന്നിൽ അവൾ അഗ്നിശുദ്ധി പ്രാപിച്ച് എഴുന്നേറ്റു നില്ക്കുന്ന ചിത്രം രാമായണ മഹാകാവ്യം മുതൽ നാം കാണുന്നുണ്ട്. ഒപ്പം സംശയിച്ചവന്റെ മുന്നിൽ അവന്റെ നീതീകരണത്തിനുവേണ്ടി പാവയായി ആടുന്നതിന് പകരം അവൾ ഭൂമി പിളർന്ന് സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെടുന്ന അനുഭവമാണ് കുലീന സ്ത്രീയായ സീതാദേവിയിൽ കാണുന്നത്.

നിന്നെ വഹിച്ച ഉദരവും നീ കുടിച്ച മുലകളും അനുഗ്രഹിക്കപ്പെട്ടത് എന്ന് വി. മാതാവിനെ സാക്ഷിക്കുന്ന ശ്രേഷ്ഠമായ സംഭവങ്ങൾ വി. ഗ്രന്ഥത്തിൽ ഉടനീളം ഉണ്ടെന്നും ഓർക്കണം. ചുരുക്കത്തിൽ സ്ത്രീത്വത്തെ ആദരിക്കുവാനും ആവശ്യമുള്ളപ്പോൾ ഒരു കൈ സഹായിക്കുവാനും സമൂഹത്തിൽ ഉയർന്ന സ്ഥാനം നൽകുവാനും നമുക്ക് സാധിക്കണം എന്ന വലിയ പാഠമാണ് കർത്താവ് നൽകുന്നത്. കേവലം ഒരു സ്ത്രീയുടെ കൂന് നിവർത്തി ഒരു അത്ഭുതം കാണിച്ചുവെന്നതിനേക്കാൾ വലിയ പ്രാധാന്യം ഈ സംഭവത്തിന് ഉണ്ട്.

പ്രിയമുള്ളവരേ,

വലിയ നോമ്പിന്റെ കൂടുതൽ ഗൗരവമുള്ള ദിവസങ്ങളിലേയ്ക്ക് നാം അടുക്കുകയാണ്. പൂർണ്ണമായും അവനിൽ ശരണം പ്രാപിച്ച് മുന്നോട്ടു പോകുവാൻ ഇടയാകണം. ചൂടും ഉഷ്ണവും കൂടുമ്പോൾ ശരീരത്തിന് കൂടുതൽ തളർച്ചയുണ്ടാകാം. എന്നാൽ ഭക്ഷണമോഹത്തെ തോല്പിക്കുവാൻ സാധിക്കണം. കഠിന സാഹചര്യങ്ങളെ ക്രിസ്തുവിൽ ആശ്രയിച്ച് അതിജീവിക്കുവാൻ പഠിക്കുമ്പോഴാണ് നാം ആത്മിക വളർച്ച പ്രാപിക്കുന്നത്.


ദൈവത്തിന്റെ പ. സഭയും ഏറ്റവും പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന സമയമാണല്ലോ ഇത്. നീതിപീഠങ്ങളിൽ നിന്നും ഉണ്ടാകുന്ന തീരുമാനങ്ങളെ നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്തുകൊണ്ട് സഭയെ ഉപദ്രവിക്കുന്നവരോടൊപ്പം ചിലപ്പോഴൊക്കെ സ്വാർത്ഥമോഹങ്ങളോടെ ഭരണകൂടവും പ്രവർത്തിക്കുന്നത് കാണുമ്പോൾ ദുഃഖം തോന്നാം. എന്നാൽ നിയമ മാർഗ്ഗങ്ങളിലൂടെയും പ്രാർത്ഥനയിലൂടെയും മാത്രമേ നാം അതിനെ അഭിമുഖീകരിക്കാവൂ. അല്ലാത്തവിധം ധിക്കാരപരമായി പ്രവർത്തിച്ചാൽ സമൂഹമദ്ധ്യേ പ. സഭയുടെ സാക്ഷ്യം നഷ്ടപ്പെടുകയും ദൈവനാമം ദുഷിക്കപ്പെടുവാൻ ഇടയാവുകയും ചെയ്യുമെന്ന് ഓർക്കണം.

പ. ബാവാ തിരുമേനിയെയും അഭിവന്ദ്യ മെത്രാപ്പോലീത്തന്മാരെയും വന്ദ്യ വൈദിക സമൂഹത്തെയും നിങ്ങൾ സദാ പ്രാർത്ഥനയിൽ ഓർക്കണം. നിങ്ങളുടെ പ്രാർത്ഥനയാണ് ബലഹീനതയിൽ ഞങ്ങളെ ശക്തീകരിക്കുന്നത്. വിശ്വാസികളെ ഓർത്ത് എന്നും എപ്പോഴും പ്രാർത്ഥിക്കുവാനുള്ള കടമ വൈദികർക്കും ഉണ്ട് എന്ന് അറിയാമല്ലോ.

ദൈവം അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ.

പുസ്തകം



ചാലകം

(പഴയനിയമത്തിലെ 39 പുസ്തകങ്ങളിൽ നിന്ന് പ്രഭാഷണങ്ങൾ)

ഫാ. ഡോ. സജി വർഗീസ് അമയിൽ

പ്രസാധകർ: സി.എസ്.എസ്., തിരുവല്ല വില: 250 രൂപ



Farewell meeting in honour of retiring teachers and non-teaching staff of Catholicate & MD Corporate Schools of Malankara Orthodox Syrian Church. Justice (Rtd.) Mr. Benjamin Koshy was the keynote speaker.



തെരഞ്ഞെടുത്തു

കേരള യൂണിവേഴ്സിറ്റി അക്കാദമിക് കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെട്ട പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജ് സിറിയക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഫാ. ജോർജ്ജ് മാത്യു. സിറിയക് ആന്റ് ഹീബ്രൂ ബോർഡ് ഓഫ് സ്റ്റഡീസ് അംഗവുമാണ്. മലബാർ ഭദ്രാസനത്തിൽ കഞ്ചിക്കോട് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരി.

Speech

The speech of His Holiness Pope Tawadros II during the Seamless Priests Mass in the Monastery of Bishoy

In the name of the Father, the Son, and the Holy Spirit the one God. Amen His mercy and grace be upon us from now and forever. Amen

At the beginning of holy fasting in the first week of great fasting, the church teaches us that man must increase in the life of virtue and spiritual jihad, and that the days of holy fasting are not ordinary days but holy days that man should benefit, in fasting, man may think It's a change of food but it's not the intention to eat dirt, but fasting in its truth that man strives inside, because one day you will stand alone before God and give an account of everything you have made, so the holy fasting period is an important period In the life of each one of us, the definition of the period of holy fasting is " the period of self-busyness " and if the period of fasting passes, as you start to waste your life in vain, pay attention!

In holy fasting, we used to take the breeze of priests who serve in many locations, we take the blessing of fasting in these seamat, and the period of fasting in monasteries is a very high spiritual period, so a father who is bored spends a period of food and spiritual charge takes advantage of it when he starts serving it with grace Jesus, I would love to meditate this morning to the deacons invited to the ministry and will serve in many locations in Alexandria, Cairo, Luxor, Africa, America and their service is diverse from country to country, I want to put five keys to priests before them The Successful:



1-The key to knowledge: The priest must be known " and from his mouth they seek the law " and the key to knowledge is the Bible, the word of God, the living commandment, so you, the priesthood, so that your knowledge is strong and sound, so you must To be based on the Bible and your life should be as the first psalmist says " and in his mosquito he rages day and night " and your gospel is before you every day, even if a day goes by without reading in your own bible, do not count it from your life You study in your Bible, live in travel, learn from it, and satisfy your servants, this is your first responsibility and this is the key to knowledge, first the Bible second the epidemiological, spiritual, church, and scripture first " just live as The Gospel of Christ is entitled " And the weapon of knowledge is your gospel, always be with you, and when you teach anywhere your teachings should not be without bible verses, and as much as you dive into the book you will offer renewal and fear to those who hear you, And if you succeed to communicate the Gospel with all it is the result that your people grow in virtue and knowledge, the key to knowledge is your Bible first.

2-The key to grace: I mean by man's loss and abandon himself, when God gives us grace like the great grace of ministry, he only guards the blessing of man's loss and only self and pride, while we wear black clothes to be We are like the soil of the earth in which we are buried and buried has no same or pride, I became a priest so that we serve every human being and be at the feet. The key to grace is to lose man, and our virgin mother has established the strong principle for us Get the dear ones off the chairs and lift the humble. " Therefore, your effort against yourself and your attention is to be the image of the meekness as Jesus taught us and learn from me, because I am meek and humble of heart the priest must be meek and humble of heart and this is shown in man's behaviors, in the way of serving you Missing you, this is what will show the image of your loss, the key to grace is to humbly humbly and abandon himself.

3-The key to parenting: serving the priest is the key to parenting, and the word " our father " is a special blessing, the key to service is the father of the priest, and the priest is at his service. This is what actually makes him a priest serving the church of God, we learn many things in colleges But the only thing we don't learn in colleges is the work of parenting, the key to serving you is to become a father with truth and not with title, and when we call you: " Father " this is a great appreciation from God gives to you and the church offers it for you to serve and You keep it, and the word parenting is widely meaningful with all attributes of parenting, so we choose a married priest because he tried how to be a father by body in a family and then extends this adjective to serve the big family (church), your father appears in the work of lack for every one of the people Parenthood means that a person gets tired and tolerates " each other's potential in love ", The key to parenting that you ask every day from God with tears, and this parenting is felt by people, and our Coptic people distinguishes between real and fake parenting, and across Horns raised within the people the concept of true parenting, the key to being a father in lack and loving and prospect of others, and it is the spirit of parenting that says about you that you are a priest with truth and your service is satisfying before God.

4-The key to success: success is your interest in your personal life, when you become a priest, you must increase in your personal law and relationship with your confession and this reflects on your family, you must care about your personal prayers, your bible, your votes and Self-accountability and repentance, " Even after I cherish others, I do not become rejected " Pay attention, the key to the success of the servant is his interest in his personal life, the successful priest has a private life and a special boudoir with his Christ and this reflects on his family If you neglect on the personal

side of your life, no matter what you make, you will have no place.

5-The key to the kingdom: is your honesty and your purity, the priest is like a doctor who operates a 100 % sanitizer. " And for their sake, I am self-sanctified %, The key to the kingdom that opens before you the heaven is that Be an honest person, Amen to the straight faith of the church, your teachings, in your own life, relationships, and financial matters, " Be faithful to death, I will give you a wreath of life ", The key to the kingdom is to seek the kingdom, and the goal of your service is to reach You and your children to the kingdom, and the wife of the priest must help him to this honesty and purity in everything even small things, and this honesty makes you look at the person of Christ himself " Blessed are the pure heart, for they are God's eyes ".

These are, my lovers, the five keys to serve a successful priest:

1. Key to biblical knowledge first and all study and spiritual knowledge.

2. The key to grace is humbling and giving up on oneself.

3. The key to service is parenting, constant understatement, and caring for every Sunday.

4. The key to success is his interest in his personal life, and the people must preserve the priest's time.

5. The key to the kingdom is honesty and purity.

These keys we put while we are at the beginning of the holy fasting of these deacons to become priests and servants of trustworthy and vomiting to serve the church of God and to serve the parish everywhere, and to reward the service by the grace of Christ on April 12 After completing 30 days, you will take a full course in church planning at the papal headquarters in Monastery of Anba Bishoy for a week and very important before you enter the priesthood service to have knowledge of church management, and during the 30th. One day you will receive church weather, but you must have spiritual readings and in the Bible. And you as a people must not waste their time with visits, to have a strong spiritual time. Don't occupy your time and live a spiritual life because it's a period that will never happen in your life again. Our Christ, beloved, gives us to satisfy him for the last breath and serve him with spirit and truth, and the priest is entrusted by his wife and children.

Our Christ blesses us with all spiritual blessings and we are glad that this seamah is done in the Monastery of Anba Bishoy with the new Abbey Bishop and Bishop of the new Abbey, His Eminence Bishop Agabios with the monastic fathers and this is something that rejoices us all, we thank God for his many blessings and blesses us with every spiritual blessing to our God All glory and dignity from now and forever. Amen. ❑

വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച – ശൊമ്റോയോ തോബോ?

വർഗീസ് ജോൺ തോട്ടപ്പുഴ

വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച (2021 മാർച്ച് 14) വിശുദ്ധ കുർബാനയിൽ ഏവൻഗേലിയ്ക്കു ശേഷം ചൊല്ലുന്ന 'ആദാമവശതപൂണ്ടപ്പോൾ ... ഘോഷിച്ചാൻ' എന്ന ഗീതവും ഹൂത്തോമ്മോയ്ക്ക് അനുബന്ധമായി ജനം ചൊല്ലുന്ന 'യേറുശലേം ..... സ്തുതിയെന്നവനാർത്തു' എന്ന ഗീതവും നല്ല ശമറിയാക്കാരന്റെ ഉപമയുമായി ബന്ധപ്പെട്ടതാണ്. സന്ധ്യാ നമസ്കാരത്തിന്റെ ഏവൻഗേലിയോൻ വായനയും നല്ല ശമറിയാക്കാരൻറെ ഉപമയാണ് (വി. ലൂക്കോസ് 10: 25–37). അതേസമയം 'നീണാൾ... സ്തോത്രം' (കാസോലിക്കി) കൂനി സ്ത്രീയെ സൗഖ്യമാക്കിയ സംഭവം സ്മരിക്കുന്നു. ഈ വ്യത്യാസത്തിനു കാരണമെന്താണെന്നു ചിന്തിച്ചിട്ടുണ്ടോ?

മലങ്കരസഭ വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച കൂനിസ്ത്രീയെ സൗഖ്യമാക്കിയ സംഭവം സ്മരിക്കുമ്പോൾ (ക്പിപ്ത്തോ) അന്ത്യോഖ്യൻ സഭ നല്ല ശമറിയാക്കാരൻറെ ഉപമയാണ് (ശൊമ്റോയോ തോബോ) സ്മരിക്കുന്നത്. അതേ സമയം മലങ്കരയിലെ യാക്കോബായ വിഭാഗത്തിനും ഇതു ക്പിപ്ത്തോ ഞായറാഴ്ച ആണ്. പാശ്ചാത്യ (അന്ത്യോഖ്യൻ) സുറിയാനി ആരാധനാക്രമമാണല്ലോ മലങ്കരസഭ സ്വീകരിച്ചിരിക്കുന്നത്.

ആരാധനാക്രമങ്ങളിലുള്ള വൈവിധ്യം പാശ്ചാത്യ (അന്ത്യോഖ്യൻ) സുറിയാനി പാരമ്പര്യത്തിൻറെ ഒരു പ്രത്യേകതയാണ്. വേദവായനക്കുറിപ്പിന്റെ കാര്യത്തിലും ഇത്തരത്തിലുള്ള വൈവിധ്യം കാണാവുന്നതാണ്. അന്ത്യോഖ്യായിൽ നിന്നും കുറെയൊക്കെ വ്യത്യസ്തമായ ആരാധനാക്രമങ്ങളും വേദവായനക്കുറിപ്പുകളും പൗരസ്ത്യ കാതോലിക്കായുടെ ഭരണസീമയിൽപ്പെട്ട തെഗ്രീസിലും മൂസലിലും ഉപയോഗിച്ചിരുന്നു. അന്ത്യോഖ്യൻ സഭയുടെ തന്നെ കീഴിലുള്ള യെരുശലേമിലും കുറെയൊക്കെ വ്യത്യാസമുള്ള ക്രമങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഓർത്തഡോക്സ് സുറിയാനി സഭയിലെ ആരാധനാക്രമങ്ങൾക്ക് ഒരു ഐക്യരൂപ്യം വന്നത് അവ അച്ചടിച്ചു തുടങ്ങിയതിനു ശേഷമാണ്. വേദവായനക്കുറിപ്പിനും പ്രാദേശികമായ ചെറിയ വ്യത്യാസങ്ങൾ ഉണ്ട്.

യായിറോസിൻറെ മകളെ ഉയർപ്പിക്കുന്ന സംഭവം (വലിയ നോമ്പിലെ മൂന്നാം ഞായർ), ശതാധിപൻറെ ദാസൻറെ സൗഖ്യം (നാലാം ഞായർ), നയിനിലെ വിധവയുടെ മകനെ ഉയർപ്പിക്കുന്ന സംഭവം (അഞ്ചാം ഞായർ), നല്ല ശമറിയാക്കാരന്റെ ഉപമ (ആറാം ഞായർ) തുടങ്ങി വ്യത്യസ്തമായ വേദവായനാഭാഗങ്ങൾ അന്ത്യോഖ്യൻ സഭ വിവിധ കാലങ്ങളിലും വിവിധ പ്രദേശങ്ങളിലും ഉപയോഗിച്ചിരുന്നു. കൂടുതൽ വിവരങ്ങൾക്ക് വലിയ നോമ്പിലെ വേദവായനകൾ (ഫാ. ഡോ. ബേബി വർഗീസ്, പുരോഹിതൻ 1989 ജനുവരി – മാർച്ച് പേജ് 33 – 36) കാണുക.

അന്ത്യോഖ്യൻ സുറിയാനി ഓർത്തഡോക്സ് സഭ നമ്മിൽ നിന്ന് നാലാഴ്ച വൈകി 2021 മേയ് 2–നാണ് ഈസ്റ്റർ ആഘോഷിക്കുന്നത്. അതുകൊണ്ട് അവർക്ക് വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച ഏപ്രിൽ 10–നാണ്. ചില വർഷങ്ങളിൽ (2001, 2004, 2007, 2010, 2011, 2014, 2017, 2025, 2028, 2031, 2034, 2037, 2038) ഈസ്റ്റർ ഒരുമിച്ചു വരും.

വിവിധ രാജ്യങ്ങളിലെ 20 കോടിയിലധികം ക്രൈസ്തവർ മിക്ക വർഷവും ഒന്നോ നാലോ അഞ്ചോ ആഴ്ചകൾ വൈകിയാണ് ഈസ്റ്റർ ആഘോഷിക്കുന്നത്. മലങ്കര, അർമേനിയൻ, ഫിന്നിഷ് എന്നിവ ഒഴികെയുള്ള ഓർത്തഡോക്സ് സഭകളും അസിറിയൻ (കൽദായ) സഭയിൽ ബാഗ്ദാദ് ആസ്ഥാനമായ വിഭാഗവും ചില സ്ഥലങ്ങളിൽ റോമൻ കത്തോലിക്കാ സഭയും ജൂലിയൻ കലണ്ടർ പ്രകാരം ഈസ്റ്റർ തീയതി നിശ്ചയിക്കുന്നതാണ് കാരണം. ഗ്രിഗോറിയൻ–ജൂലിയൻ കലണ്ടറുകൾ തമ്മിൽ ഇപ്പോൾ 13 ദിവസം വ്യത്യാസമുണ്ടെങ്കിലും ഈസ്റ്റർ 35 ദിവസം വരെ വൈകാം. ക്രിസ്മസ് ആഘോഷത്തിനും ഇതുപോലെ തീയതി വ്യത്യാസമുണ്ട്.

വസന്ത വിഷുവം ആയ മാർച്ച് 21നോ അതിനു ശേഷമോ വരുന്ന പൗർണമിയുടെ പിറ്റെ ഞായറാഴ്ചയാണ് ഈസ്റ്റർ. ഈ പൗർണമി (പെസഹാ ചന്ദ്രൻ) ഞായറാഴ്ച വന്നാൽ ഈസ്റ്റർ അതിനടുത്ത ഞായറാഴ്ചയായിരിക്കും. നിഖ്യാ സുന്നഹദോസ് (എ.ഡി. 325) ആണ് ഈ തീരുമാനമെടുത്തത്. ഈസ്റ്റർ വരാവുന്ന ഏറ്റവും നേരത്തെയുള്ള തീയതി മാർച്ച് 22–ം (1598, 1693, 1761, 1818, 2285) ഏറ്റവും താമസിച്ചുള്ള തീയതി ഏപ്രിൽ 25–ം (1666, 1734, 1886, 1943, 2038, 2190) ആണ്. ഗ്രിഗോറിയൻ കലണ്ടർ അടിസ്ഥാനമാക്കിയുള്ള വർഷങ്ങളാണിവ.

മലങ്കര സുറിയാനി സഭയിലെ പാത്രിയർക്കീസ് പക്ഷം (ബാവാകക്ഷി) 1952 ഡിസംബർ 15–ന് യൽദോ നോമ്പാരംഭത്തിനും (പ. അപ്രേം പ്രഥമൻ ബാവായുടെ കൽപന നമ്പർ 620/05.11.1952) കാതോലിക്കാപക്ഷം (മെത്രാൻ കക്ഷി) 1953 മേയ് 14ന് സ്വർഗാരോഹണ പെരുന്നാളിനുമാണ് (പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കൽപന നമ്പർ 59/16.04.1953) ഗ്രിഗോറിയൻ കലണ്ടർ (പുതിയ രീതി) സ്വീകരിച്ചത്.

ഈ ഞായറാഴ്ച പഴയനിയമവായനയിൽ ജ്ഞാനിയായ ബാറാസീറായുടെ (പ്രഭാഷകൻ) പുസ്തകത്തിൽ നിന്നുള്ള വായനയും നമുക്ക് ശ്രവിക്കാം.

ലേഖകന്റെ ഫോൺ നമ്പർ: 9446412907

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

നഗ്നപാദനായി ഒരു മാർപാപ്പാ ഇറാക്കിൽ

ഫാ. ഡോ. കെ. എം. ജോർജ്

ഫ്രാൻസിസ് മാർപാപ്പായുടെ ഇറാക്ക് സന്ദർശനം വളരെ ചരിത്രപ്രാധാന്യമുള്ള സംഭവമായി ലോകമാധ്യമങ്ങൾ എടുത്തു കാണിക്കുന്നു. ഇതിന്റെ രാഷ്ട്രീയമായ പ്രധാന്യംപോലെ ധാർമ്മികവും സാംസ്കാരികവുമായ വിവക്ഷകളാണ് ഒരു പുതിയ ലോകത്തെക്കുറിച്ചുള്ള പ്രത്യാശ നമുക്ക് നൽകുന്നത്. വളരെ സങ്കീർണവും അപകടകരവുമായ ഒരു രാഷ്ട്രീയ-മത പശ്ചാത്തലം നിലനിൽക്കെയാണ് 84-കാരനായ ഫ്രാൻസിസ് മാർപാപ്പാ ഈ വലിയ സാഹസത്തിന് ഒരുങ്ങിയത്. ഇതേ സംബന്ധിച്ച് ധാരാളം വിചിന്തനങ്ങൾ ഇനിയുണ്ടാകും. ഈ അപൂർവ സന്ദർശനത്തിന്റെ അർത്ഥവും അനന്തരഫലവും തിരിച്ചറിയാൻ കുറെ നാളുകൾ എടുക്കും. ഇങ്ങനെയൊരു സന്ദർശനത്തിന് ധൈര്യം കാണിച്ച മാർപാപ്പായെയും അദ്ദേഹത്തെ സ്വീകരിക്കാൻ തയ്യാറായ ഇറാക്കി മത-രാഷ്ട്രീയ നേതാക്കളെയും അഭിനന്ദിക്കുന്നതിൽ നാം പിശുക്ക് കാണിക്കേണ്ടതില്ല. 800 വർഷങ്ങൾക്കു മുമ്പ് അഞ്ചാം കുരിശ് യുദ്ധത്തിന്റെ അവസാനം, അസ്സീസിയിലെ വി. ഫ്രാൻസിസ് ഈജിപ്റ്റിലെ ഭരണാധികാരി ആയിരുന്ന അൽ കമീൽ സുൽത്താനുമായി നടത്തിയ ചരിത്രപ്രസിദ്ധമായ കൂടിക്കാഴ്ച, ബോധപൂർവ്വം ആ പേരെടുത്ത ഫ്രാൻസിസ് മാർപാപ്പാ നമ്മെ ഇത്തരുണത്തിൽ ഓർമ്മിപ്പിക്കുന്നു. ചില എളിയ നിരീക്ഷണങ്ങൾ കുറിക്കട്ടെ:

1) റോമൻ കത്തോലിക്കാ സഭയുടെ ആസ്ഥാനമായ വത്തിക്കാൻ ഏതാണ്ട് 109 ഏക്കറേ ഉള്ളുവെങ്കിലും അതൊരു സ്വതന്ത്ര പരമാധികാര രാഷ്ട്രമാണ്. മാർപാപ്പാ അതിന്റെ രാഷ്ട്രതലവനുമാണ്. ഇറ്റലിയുമായി ഉണ്ടാക്കിയിരിക്കുന്ന ചില ഉടമ്പടികൾ ഉണ്ട് (അത് ഇറ്റാലിയൻ ഗവണ്മെന്റുകൾ ബഹുമാനിക്കുന്ന കാലത്തോളം വത്തിക്കാൻ സ്വതന്ത്ര രാഷ്ട്രമായി നിലനിൽക്കും). അതുകൊണ്ട് മാർപാപ്പാ ഏതെങ്കിലും ലോകരാഷ്ട്രം സന്ദർശിച്ചാൽ ഒരു രാഷ്ട്രതലവന് അനുയോജ്യമായവിധത്തിൽ അദ്ദേഹത്തെയും സ്വീകരിക്കേണ്ടി വരും. ഈ പദവി ഉപയോഗിച്ചാണ് മാർപാപ്പാമാർ അധികം കത്തോലിക്കാ വിശ്വാസികൾ ഇല്ലാത്ത രാഷ്ട്രങ്ങളിലും ഔദ്യോഗിക സന്ദർശനങ്ങൾ നടത്തുന്നത്. ഇതിനെ വിമർശിക്കുന്നവർ ലോക രാഷ്ട്രീയതലങ്ങളിൽ പലരുമുണ്ട്. എന്നാൽ ഇവിടെ ഫ്രാൻസിസ് പാപ്പായുടെ സന്ദർശനം വെറും രാഷ്ട്രീയ താൽപര്യം മാത്രമാണ് എന്ന് പറയുവാൻ നമുക്ക് സാധിക്കുകയില്ല. കാരണം, അദ്ദേഹത്തിന്റെ കഴിഞ്ഞ 8 വർഷങ്ങളിലെ വാക്കുകളും പ്രവൃത്തിയും ക്രിസ്തുവിന്റെ സുവിശേഷത്തിലൂന്നിയ ക്ഷമ, അനുരഞ്ജനം, സ്നേഹം എന്നിവ പ്രകടിപ്പിക്കുന്നതായിരുന്നു. സമീപകാലത്ത് നമുക്ക് അറിയാവുന്ന മിക്ക മാർപാപ്പാമാരിൽ നിന്നും വളരെ വ്യത്യസ്തനാണ് ഫ്രാൻസിസ്. എങ്കിലും ഈ സന്ദർശനത്തിന്റെ രാഷ്ട്രീയ ധ്വനികൾ നാം അവഗണിക്കരുത്.

2) അമേരിക്കയും പശ്ചിമ യൂറോപ്യൻ ശക്തികളും ചേർന്നാണ് ഇറാക്കിൽ യുദ്ധം അഴിച്ചുവിട്ടതും വളരെയേറെ ഇറാക്കികളുടെ വീരപുരുഷനായിരുന്ന സദ്ദാം ഹുസൈനെ പട്ടിയെപ്പോലെ വേട്ടയാടിയതും. അതോടൊപ്പമുള്ള ഐഎസ് ആർമിയുടെ ഭീകര താണ്ഡവവും നമ്മുടെ മനസ്സിനെ ഇന്നും മഥിക്കുന്നു. പാശ്ചാത്യ ശക്തികളുടെ ആത്മിക പ്രതീകമായി കരുതപ്പെടുന്ന റോമിലെ പാപ്പായുടെ ഈ സന്ദർശനം ഒരു കുമ്പസാരം കൂടിയാണ്. സദ്ദാം ഹുസൈൻ ഏത് തരക്കാരനായിരുന്നു എങ്കിലും, ഇറാക്കിലെ ജനതയ്ക്കു മുഴുവൻ ഒരു കരാളമായ യുദ്ധപരമ്പരയിലൂടെ നരകവേദനകൾ സൃഷ്ടിച്ചു എന്ന തെറ്റ് പാശ്ചാത്യർ ചെയ്തു. കഴിഞ്ഞതെല്ലാം മറക്കണം, പുതിയ യുഗം ആരംഭിക്കാം എന്ന് പറഞ്ഞ ഫ്രാൻസിസ് പാപ്പാ വാസ്തവത്തിൽ പാശ്ചാത്യ ശക്തികളുടെ നയങ്ങളെയും നടപടികളെയും വിമർശിക്കുകയാണ്, അവർക്കുവേണ്ടി പ്രായശ്ചിത്തം ചെയ്യുകയാണ് എന്നും പറയാം. എന്തെല്ലാം സുരക്ഷാസംവിധാനങ്ങൾ ഉണ്ടെങ്കിലും അവയെ തകർത്തുകളഞ്ഞ് ഏത് നിമിഷവും തന്നെ കൊലപ്പെടുത്താൻ സാധ്യതയുള്ള ഒരു സാഹചര്യത്തിലാണ് ഫ്രാൻസിസ് പാപ്പാ തന്റെ ദുർബലമായ കാലുകളുമായി ഇറാക്കിന്റെ മണ്ണിൽ വേച്ചുവേച്ചു നടന്നത്. ഷിയാ മുസ്ലീങ്ങളുടെ ആത്മീയ ആചാര്യനായ അയത്തുള്ളാ അലി അൽ സിസ്താനിയുടെ മുറിയുടെ വാതിൽക്കൽ ചെരുപ്പൂരി വച്ച് വിനയപൂർവ്വം അകത്തു കയറിയത് ഒരു വലിയ പശ്ചാത്താപവും പ്രായശ്ചിത്തവുമാണ് കാണിക്കുന്നത്. നമുക്കറിയാവുന്ന ചരിത്രത്തിൽ ഒരു വിശുദ്ധ സ്ഥലത്തും ആരുടെ മുമ്പിലും ഒരു മാർപാപ്പായും തന്റെ രാജകീയ പാദുകങ്ങൾ ഊരി വയ്ക്കാറില്ല. ഒന്നാം വത്തിക്കാൻ സുന്നഹദോസിനു ശേഷം അന്നത്തെ മാർപാപ്പായുടെ കാൽമുത്തി യാത്ര ചോദിച്ച ഒരു ഓറിയന്റൽ റീത്ത് പാത്രിയർക്കീസിനെ ചെരുപ്പിട്ട കാലുയർത്തി തലയിൽ ചവിട്ടിയ ചരിത്രമേ ഉള്ളൂ. റോമൻ അധികാരത്തിന്റെയും അഹങ്കാരത്തിന്റെയും ചെരുപ്പൂരി വച്ച് ഒരു മുസ്ലീം മതാധിപനെ അഭിവാദനം ചെയ്ത ഫ്രാൻസിസ് മാർപാപ്പായുടെ പ്രവൃത്തി ചരിത്രപരമായി എത്ര പ്രതീകശേഷി ഉള്ളതാണ് എന്ന് പറയാനാണ് ഇത് സൂചിപ്പിച്ചത്.



3) ഇറാക്ക് എന്നു പറയുന്നത് ഒരു കൊച്ചു രാജ്യമല്ല. അതിപുരാതനമായ സുമേറിയൻ, ബാബിലോണിയൻ, അസീറിയൻ, കാൽഡിയൻ, പേർഷ്യൻ തുടങ്ങിയ സാമ്രാജ്യങ്ങളുടെ ശക്തിയും ഗാംഭീര്യവും ഉറഞ്ഞുകൂടിയ മണ്ണാണത്. യുഫ്രട്ടീസ്, തിഗ്രീസ് എന്നീ രണ്ടു 'നദികൾക്ക് ഇടയിലുള്ള സ്ഥലം' (അതാണ് മെസപ്പത്തോമിയ എന്ന വാക്കിന്റെ അർത്ഥം). ഫലഭൂയിഷ്ടമായ പ്രദേശമാണത്. ഉല്പത്തി പുസ്തകത്തിലെ പറുദീസാ എന്ന് പുരാണ സങ്കല്പം. മനുഷ്യസംസ്കാരത്തിന്റെ പിള്ളത്തൊട്ടിൽ എന്ന് നരവംശ ശാസ്ത്രം. വിശ്വാസികളുടെ പിതാവായ അബ്രഹാം പുറപ്പെട്ടത് ഇറാക്കിലെ ഊർ പട്ടണത്തിൽ നിന്നാണ് എന്ന് ബൈബിൾ പറയുന്നു. മാർപാപ്പായുടെ ഒരു പ്രധാന സന്ദർശനം ഊറിലേക്കായിരുന്നു. ഇതും ഒരു വലിയ പ്രതീകമാണ്. യഹൂദ-ക്രൈസ്തവ-ഇസ്ലാമിക മതപാരമ്പര്യങ്ങളിൽ ഒരുപോലെ ആദരിക്കപ്പെടുന്ന പൈതൃക സ്രോതസ്സാണ് അബ്രഹാം. അതുകൊണ്ട് പാശ്ചാത്യർ ഈ മൂന്നു മതങ്ങളെയും അബ്രഹാമ്യ മതങ്ങൾ (Abrahamic Religions) എന്ന് വിശേഷിപ്പിക്കുന്നു. ചരിത്രത്തിൽ തമ്മിലടിച്ചുകൊണ്ടിരുന്ന ഈ മൂന്ന് മതങ്ങൾക്കും വിശ്വാസത്തിന്റെ പൊതു ഉറവിടമുണ്ട് എന്നും അത് പുതിയ ഒരു അനുരഞ്ജന പ്രക്രിയയ്ക്കും സഹവർത്തിത്വത്തിനും സഹായകമാകും എന്നു കൂടി എടുത്തുപറയാനാണ് ഫ്രാൻസിസ് പാപ്പാ അബ്രഹാമിന്റെ പൈതൃക നഗരമായ ഊറിലേക്ക് ചെന്നത് (അബ്രഹാമ്യ മതങ്ങളെന്ന് പാശ്ചാത്യർ വിശേഷിപ്പിക്കുന്നതിൽ ക്രിസ്തീയ സഭയെ ഉൾക്കൊള്ളിക്കുന്നതിനോട് ഈ ലേഖകന് കാര്യമായ വിയോജിപ്പുണ്ട്. അതിന്റെ വേദശാസ്ത്രപരവും സാംസ്കാരികവുമായ കാരണങ്ങൾ വേറൊരവസരത്തിൽ വ്യക്തമാക്കിക്കൊള്ളാം).

4) പുരാതനമായ സുറിയാനി പാരമ്പര്യത്തിന്റെ ഈറ്റില്ലവും വിളഭൂമിയുമായിരുന്നു ഇറാക്ക് എന്ന പേർഷ്യ. അന്ത്യോഖ്യാ ഉൾപ്പെടെ റോമൻ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന ക്രിസ്തീയ സഭകളിൽനിന്നു വ്യത്യസ്തമായി സ്വന്തമായ ഭരണവും ആരാധനാ പാരമ്പര്യവും കരുപ്പിടിപ്പിച്ച സഭയായിരുന്നു പേർഷ്യൻ സഭ. ഏഷ്യയിൽ ഇന്ത്യയും ചൈനയും ഉൾപ്പെടെ ഒരു വിശാല ഭൂമിയിൽ, പാശ്ചാത്യ ക്രിസ്തീയ സഭകളിൽ നിന്നു വിഭിന്നമായി വാളും

തോക്കും കൊളോണിയൽ അധികാരവുമില്ലാതെ സുവിശേഷം പ്രചരിപ്പിച്ച ഒരു സഭയാണ്. എങ്കിലും ഇന്ന് ആ സഭ വാസ്തവത്തിൽ ഒന്നുമല്ല. ഇസ്ലാമിനു മുമ്പുണ്ടായ ആ പുരാതന സഭയോടും സഭാനേതാക്കളോടും സദ്ദാം ഹുസൈന് മമത ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മന്ത്രിമാരിലും ഉന്നത ഉദ്യോഗസ്ഥരിലും ചിലർ സുറിയാനിക്കാർ ആയിരുന്നു. നെസ്തോറിയൻ പാരമ്പര്യത്തെ എതിർത്തിരുന്ന അന്ത്യോഖ്യൻ സുറിയാനി സഭയ്ക്ക് പേർഷ്യയിൽ പ്രബല മായ ഒരു പുരാതന പ്രവാസി സമൂഹം ഉണ്ടായിരുന്നു. തിഗ്രീസ് നദിയുടെ തീരം മലങ്കരസഭയുടെ ചരിത്രവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് നമുക്ക് അറിയാം. മൂസൽ എന്ന മോസൂൾ നഗരം അന്ത്യോഖ്യൻ സുറിയാനിക്കാർക്ക് ഒരു കാലത്ത് ശക്തികേന്ദ്രമായിരുന്നു. അന്തരിച്ച പാത്രിയർക്കീസ് പ. സാഖാ പ്രഥമൻ ബാവാ അവിടെ മെത്രാനായിരുന്നു. നെസ്തോറിയൻ എന്ന് പിന്നീട് വിളിക്കപ്പെട്ട പേർഷ്യൻ സുറിയാനി സഭയുടെയും പിൽക്കാലത്ത് 17-ാം നൂറ്റാണ്ടു മുതൽ നാം ബന്ധപ്പെട്ട അന്ത്യോഖ്യൻ ഓർത്തഡോക്സ് സുറിയാനി സഭയുടെയും ആരാധനാ പാരമ്പര്യങ്ങളുമായി മലങ്കരയിലെ പുരാതനമായ അപ്പോസ്തോലിക സഭയ്ക്ക് ഉണ്ടായ ആത്മബന്ധം നമുക്ക് വിസ്മരിക്കാനാവില്ല. ആ തരളമായ ആത്മീയബന്ധത്തെ അധികാരത്തിന്റെയും അവകാശത്തിന്റെയും അട്ടഹാസങ്ങളാക്കി മാറ്റിയപ്പോഴാണല്ലോ മലങ്കരയിൽ ദുരന്തകാണ്ഡം അരങ്ങേറി തുടങ്ങിയത്.

2004-ൽ തുടങ്ങിയ ഇറാക്ക് യുദ്ധത്തിനു മുമ്പ്, പ്രബലമായ റോമൻ കത്തോലിക്കാ സുറിയാനി റീത്തുകൾ ഉൾപ്പെടെ 25 ലക്ഷം ക്രിസ്ത്യാനികളാണ് ഉണ്ടായിരുന്നത്. എന്നാൽ ഫ്രാൻസിസ് മാർപാപ്പാ ഇപ്പോൾ അവിടെ ചെന്നപ്പോൾ ക്രിസ്ത്യാനികളുടെ എണ്ണം രണ്ടര ലക്ഷം തികച്ചില്ല എന്നു നാം മറക്കരുത്. ഇത് മദ്ധ്യപൗരസ്ത്യ ദേശത്ത് എല്ലാ രാജ്യങ്ങളുടെയും കഥ കൂടിയാണ്. ഇറാക്ക് യുദ്ധത്തോടുകൂടി അവിടെ ഉണ്ടായിരുന്ന അന്ത്യോഖ്യൻ സുറിയാനിക്കാരുടെ ചെറിയ കൂട്ടം പലായനം ചെയ്തു. കുറെയേറെപ്പേർ സിറിയയിലെ ഡമാസ്ക്കസിൽ അഭയാർത്ഥികളായി വന്നു. ഡമാസ്ക്കസിലെ തന്റെ ആസ്ഥാനത്തിന്റെ ഗൗരവമായ പരിമിതികൾ കണക്കിലെടുത്ത് 20 കിലോമീറ്റർ അകലെ മലഞ്ചെരുവിൽ മഅറാത്ത് സെദ്നായ എന്ന സ്ഥലത്ത് പ. സാഖാ ബാവാ തനിക്ക് ഒരു ആസ്ഥാനം പണിതിരുന്നു. ഇറാക്കിൽ നിന്നു ജോലിയും സ്വത്തുമില്ലാതെ അഭയാർത്ഥികളായി വന്ന സഭാമക്കൾക്ക് ആരാധനയിൽ സംബന്ധിക്കുവാൻ ആസ്ഥാനത്തോടു ചേർന്ന് സാമാന്യം വലിയ ഒരു ചാപ്പലും ഉണ്ടാക്കിയിരുന്നു. എന്നാൽ ഇപ്പോൾ ഐഎസ് ആർമിയുടെ ഭീകരതകൾ തുടരുന്ന ആ രാജ്യത്തെ അവസ്ഥ തുലോം പരിതാപകരമാണ്.

മാർപാപ്പാ ഇറാക്കിൽ ചെന്നത് തീർച്ചയായും അവിടെ അവശേഷിക്കുന്ന രണ്ടര ലക്ഷം ക്രിസ്ത്യാനികളെയും യരുശലേം ഉൾപ്പെടെ മദ്ധ്യപൗരസ്ത്യ കേന്ദ്രങ്ങളിൽ അതിവേഗം ശുഷ്ക്കിച്ചുകൊണ്ടിരിക്കുന്ന എല്ലാ ക്രിസ്ത്യാനികളെയും പരിഗണിച്ചുകൊണ്ടാവണം എന്ന് നമുക്ക് കരുതാം. ഒരുപക്ഷേ ഇനി ഒരു മാർപാപ്പാ അവിടെങ്ങാനും പോകാൻ ഇടയായാൽ, ക്രിസ്ത്യാനികളുടെ എണ്ണം വിരലുകളിൽ ഒതുക്കാവുന്നതായിക്കൂടെന്നില്ല.

5) എന്തിനാണ് ഈ ചരിത്രമൊക്കെ നാം വീണ്ടും ഓർക്കുന്നത് എന്ന് വായനക്കാർ ശ്രദ്ധിക്കണം. കഴിഞ്ഞ ആയിരം വർഷങ്ങളായി ആദ്യം കുരിശു യുദ്ധങ്ങളിലൂടെയും, പിന്നെ പോർച്ചുഗീസ്-സ്പാനീഷ്-ഫ്രെഞ്ച് കൊളോണിയൽ അധിനിവേശങ്ങളിലൂടെ ലോകമാസകലം വ്യാപിക്കുകയും, എല്ലാ പൗരസ്ത്യ ഓർത്തഡോക്സ് സഭകളെയും ഭിന്നിപ്പിച്ച് ഓറിയന്റൽ റീത്തുകൾ എന്ന പേരിൽ അവയെ കാർന്നെടുക്കുകയും ചെയ്ത റോമിലെ പ്രാദേശിക സഭായിരുന്ന റോമൻ കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷനാണ് ഇറാക്കിൽ നഗ്നപാദനും നമ്രശിരസ്ക്കനുമായി വലിയ മനോഭാരത്തോടെ സ്നേഹം, ക്ഷമ എന്നിവയെക്കുറിച്ച് സംസാരിച്ചത്. വത്തിക്കാനിലും കത്തോലിക്കാ സഭയുടെ ഭരണസംവിധാനങ്ങളിലുമൊക്കെ ഈ പാപ്പായ്ക്ക് വിമർശകരുണ്ട്. ആർദ്രതയുടെ സാത്വിക പ്രതീകമായി അറിയപ്പെടുമ്പോൾ തന്നെ കത്തോലിക്കാ സഭയിലെ പല അധികാര വ്യവസ്ഥകളെയും സുവിശേഷ വിധ്വംസകങ്ങളായ പല കാനോനാകളെയും തകിടം മറിക്കുകയും അഴിമതിക്കാരായ കർദിനാളന്മാരെയും ആർച്ച്ബിഷപ്പന്മാരെയും വരച്ച വരയിൽ നിർത്തുകയും ചെയ്ത ഫ്രാൻസിസ് മാർപാപ്പായുടെ ആത്മാർത്ഥതയെ നമുക്ക് ചോദ്യം ചെയ്യേണ്ട ആവശ്യമില്ല. ഇങ്ങനെയൊരു മാതൃകയും സുവിശേഷ വെളിച്ചവും അദ്ദേഹം കാണിച്ചില്ലായിരുന്നുവെങ്കിൽ റോമൻ കത്തോലിക്കാ സഭയ്ക്കും മറ്റ് പല സഭകൾക്കും 21-ാം നൂറ്റാണ്ടിൽ വിശ്വാസ്യതയുടെ (credibility) വെല്ലുവിളി നേരിടാനാവുമായിരുന്നോ എന്ന് നമുക്ക് ചോദിക്കാവുന്നതാണ്.

കൊറോണാ വൈറസോടുകൂടി ലോകം സമ്പൂർണ്ണമായും പുതിയ ഒരു യുഗത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. ഇക്കാര്യം ഏറ്റവും അവസാനം മനസ്സിലാക്കുന്നത് ഒരുപക്ഷേ മതനേതാക്കളായിരിക്കും. അവർക്ക് ചുറ്റും ആനയും അമ്പാരിയും കൊട്ടും കുരവയും വെൺകൊറ്റക്കുടയും സ്തുതിപാഠകവൃന്ദവും അവരുടെ കാഴ്ച മറയ്ക്കുന്നതുകൊണ്ട് ചുറ്റുപാടും നടക്കുന്നതെന്താണെന്ന് കാണാൻ അവർക്ക് പലർക്കും സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ, മനുഷ്യരുടെ അഹങ്കാരവും അധികാരമോഹവും കൊണ്ട് കത്തിയെരിഞ്ഞ പുരാതനമായ ഇറാക്കിലെ മണ്ണിൽ ഷിയാ മതാദ്ധ്യക്ഷന്റെ മുറിയിൽ ഒരു മണിക്കൂർ എങ്കിലും നഗ്നപാദനായി നിലകൊണ്ട വിനയാന്വിതനായ റോമൻ സഭാദ്ധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ കാലത്തിന്റെ വലിയ ഒരു അടയാളമാണ്. നാം അത് നന്നായി ശ്രദ്ധിക്കണം.



കർണാടക ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ അശ്വന്ത് നാരായൺ സി. എൻ. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ബാംഗ്ലൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. എബ്രഹാം മാർ സെറാഫിമുമായി കൂടിക്കാഴ്ച നടത്തി.



അങ്കമാലി, കണ്ടനാട്, ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനം റീജിയണലിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സത്യ പ്രചരണ യാത്രയുടെ കരിമണ്ണൂരിൽ നടന്ന സമാപന സമ്മേളനം അങ്കമാലി ഭദ്രാസനത്തിലെ സീനിയർ വൈദീകനായ മത്തായി ഇടയനാൽ കോർഎപ്പിസ്ക്കോപ്പ ഉത്ഘാടനം ചെയ്തു.



ന്യൂഡൽഹി ദിൽഷാദ് ഗാർഡൻ സെന്റ് സ്റ്റീഫൻസ് ഇടവകയിലെ എം.ജി.ഒ.സി. എസ്.എം. അംഗങ്ങൾ വലിയ നോയമ്പ് ദിവസങ്ങളിൽ ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിച്ചു തെരുവ് പ്രദേശങ്ങളിൽ താമസിക്കുന്ന നിർധരായവർക്കായി ഇടവക വികാരി ഫാ. തോമസ് വർഗീസിന്റെ നേതൃത്വത്തിൽ ഭക്ഷണപൊതികൾ തയാറാക്കി വിതരണം ചെയ്തു.



എനിക്ക് വലുത് എന്റെ സഭയാണ്

"എന്റെ പിതാവ് ഞങ്ങളോട് ആവർത്തിച്ച് പറയുമായിരുന്നു 'എന്റെ സഭ, എന്റെ രാജ്യം, എന്റെ കുടുംബം, എന്റെ പ്രസ്ഥാനം.... ഇതിലെല്ലാം എനിക്ക് വലുത് എന്റെ സഭയാണ്.' ഞാനും പ്രതിജ്ഞ എടുക്കുന്നു, ഞാനും വാക്ക് തരുന്നു. എന്റെ അപ്പനെപ്പോലെ എനിക്കും എന്റെ സഭയാണ് വലുത്. അപ്പൻ ചെയ്തതുപോലെ എല്ലാവരെയും കരുതുവാനും സഹായിക്കുവാനും ഞങ്ങൾ മക്കൾ മുൻപിൽ ഉണ്ടാകും."

- അലക്സാണ്ടർ ജോർജ് മുത്തൂറ്റ്





മുത്തൂറ്റ് എം. ജി ജോർജിന്റെ ശവസംസ്കാരം ശുശ്രൂഷകൾ കോഴഞ്ചേരി സെന്റ് മാത്യൂസ് വലിയപള്ളിയിൽ നടന്നു. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ മുഖ്യകാർമികത്വം വഹിച്ചു. ശുശ്രൂഷാമദ്ധ്യേ പ. കാതോലിക്കാ ബാവായുടെ അനുശോചന സന്ദേശം മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത വായിച്ചു. പ. കാതോലിക്കാ ബാവയ്ക്ക് വേണ്ടി യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ ഭൗതികദേഹത്തിൽ പുഷ്പചക്രം സമർപ്പിച്ചു.

ആദരാഞ്ജലികൾ അർപ്പിച്ചു

പരുമല: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ മുൻ അൽമായ ട്രസ്റ്റിയായിരുന്ന എം. ജി. ജോർജ്ജ് മുത്തൂറ്റിന്റെ ഭൗതികശരീരത്തിൽ ഡോ. തോമസ് മാർ അത്താനാസിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ് എന്നിവർ ചേർന്ന് പുഷ്പചക്രം സമർപ്പിച്ചു. സഭാ അസ്സോസ്സിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരുമല സെമിനാരി അസി. മാനേജർമാരായ ഫാ. ഡോ. എം. എസ്. യൂഹാനോൻ റമ്പാൻ, ഫാ. വൈ. മത്തായിക്കുട്ടി, വൈദികർ, റിട്ട. ജസ്റ്റിസ് ബഞ്ചമിൻ കോശി, പരുമല കൗൺസിൽ അംഗങ്ങൾ എന്നിവരും ആദരാഞ്ജലികൾ അർപ്പിച്ചു.

സഭയോട് ചേർന്ന് നിന്ന് പ്രവർത്തിച്ച മഹാ മനുഷ്യൻ

ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്താ
(യുകെ, യൂറോപ്പ് ആഫ്രിക്ക ഭദ്രാസനം
ചെങ്ങന്നൂർ ഭദ്രാസന സഹായ മെത്രാപോലിത്ത)

എന്ത് എഴുതണം, എങ്ങനെ അനുസ്മരിക്കണം എന്നൊക്കെ ചിന്തിക്കുവാൻ കഴിയാത്ത ഒരു മാനസിക അവസ്ഥയാണ് ഇപ്പോൾ ഉള്ളത്. അത്രമാത്രം മലങ്കരസഭയെ ജീവന് തുല്യം സ്നേഹിച്ച ഒരു വ്യക്തിത്വം ആണ് ഭൗതീകമായ ജീവിതം പൂർത്തീകരിച്ചു പൂർവ്വ പിതാക്കന്മാരോടു ചേരുന്നത്. മാവേലിക്കര സ്വദേശി എന്ന നിലയിൽ എന്നെ സ്വാധീനിച്ച രണ്ടു പ്രധാന അൽമായ നേതാക്കന്മാരാണ് സി. എം. സ്റ്റീഫനും, പി. സി. അലക്സാണ്ടറും. അതിനുശേഷം വി. സഭയോടും, പ. കാതോലിക്കാ ബാവാ തിരുമേനിയോടും, മറ്റു സഭാ പിതാക്കന്മാരോടും ഇത്ര അധികം ഭക്ത്തിയും, കൂറും, സ്നേഹവും, വിധേയത്വവും കാണിച്ച അൽമായ നേതാവ് എനിക്ക് ഓർമ്മയിൽ വരുന്നില്ല എന്ന് തന്നെ പറയാം.

ആളിലും അർത്ഥത്തിലും സഭയോട് ചേർന്ന് നിന്ന് പ്രവർത്തിക്കുവാൻ എം. ജി. ജോർജ് മുത്തുറ്റ് എന്ന മഹാ മനുഷ്യൻ എന്നും ഉത്സാഹം കാണിച്ചു. സഭയോട് ഉള്ള അദ്ദേഹത്തിന്റെ ഭക്തി ദൈവത്തോട് ഉള്ള ആത്മീയ ബന്ധത്തിന്റെ ദൃഢത വെളിപ്പെടുത്തുന്നത് ആയിരുന്നു. ജീവിതത്തിലെ പ്രതിസന്ധികളിൽ കൂടി കടന്നുപോകേണ്ടി വന്നപ്പോഴും ആ ദൈവാശ്രയ ബോധം അദ്ദേഹത്തിന്റെ മനസിന് ശക്തി നൽകി. എപ്പോഴും പ്രസന്ന മുഖത്തോടെ കാണപ്പെട്ടു. സഭയുടെ മുഖമായി അറിയപ്പെടുന്നതിൽ അദ്ദേഹം അഭിമാനം കൊണ്ടിരുന്നു. ഭൗതികമായി യാത്ര പറയുന്ന ഈ സമയത്ത് നൽകിയ സ്നേഹ ആദരവുകൾ നന്ദിപൂർവ്വം സ്മരിക്കുന്നു.

നല്ല പോർ പോരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. പൂർവികർ പകർന്ന വിശ്വാസം അവസാനം വരെ മടി കൂടാതെ കാത്തു തന്റെ സ്നേഹിതന്മാർക്കായി മൂടഞ്ഞ മുടി പ്രാപിക്കുവാനായി കടന്നുപോകുന്ന വി. സഭയുടെ ഉത്തമനും ഭക്തനുമായ സഭാസ്നേഹിക്ക് പ്രാർത്ഥനാപൂർണ്ണമായ ശുഭ യാത്ര നേരുന്നു. നമ്മുടെ കർത്താവ് താൻ ഒരുക്കിയ വിശ്രമ ഭാവത്തിൽ പ്രിയ ദാസനെ വസിപ്പിച്ചു ആശ്വസിപ്പിക്കട്ടെ. നമ്മുടെ ചുമതലയിൽ ഉള്ള ഭദ്രാസനങ്ങളിലെ എല്ലാ വൈദികരയുടെയും, കൗൺസിൽ അംഗങ്ങളുടെയും, മാനേജിഗ് കമ്മിറ്റി അംഗങ്ങളുടെയും, എല്ലാ ആത്മീയ പ്രസ്ഥാനം പ്രവർത്തകരുടെയും, വിശ്വാസി സമൂഹത്തിന്റെയും പേരിൽ ഉള്ള ആദരാജ്ഞലികൾ സമർപ്പിക്കുന്നു. പ്രാർത്ഥനയോടെ.



മുത്തൂറ്റ് ഗ്രൂപ്പിന്റെ ചെയർമാനും മലങ്കര ഓർത്തഡോക്സ് സഭയുടെ അൽമായ ട്രസ്റ്റിയുമായിരുന്ന എം. ജി ജോർജ് മുത്തൂറ്റിന് മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ആദരാഞ്ജലികൾ അർപ്പിക്കുന്നു.

അനുസ്മരണം

മുത്തൂറ്റ് ജോയിച്ചായൻ എന്ന സഭാസ്നേഹി

ഡോ. എം. കുര്യൻ തോമസ്

ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ പട്ടികയിൽ ഇടംപിടിച്ച എം. ജി. ജോർജ്ജ് മുത്തൂറ്റ് അന്തരിച്ചതോടെ മലങ്കരസഭയിലെ *ജോയിച്ചായൻ യുഗം* അസ്തമിക്കുകയാണ്. അദ്ദേഹത്തിൽനിന്നും നിർലോപമായ സാമ്പത്തിക സഹായങ്ങൾ ലഭിച്ച സ്ഥാപനങ്ങളും ഭദ്രാസനങ്ങളും പള്ളികളും വ്യക്തികളും പോലും കാലവിളംബമന്യേ അദ്ദേഹത്തെ വിസ്മരിക്കും. അത് മലയാളിയുടെ സഹജ സ്വഭാവമാണ് എന്ന് തൽക്കാലം ആശ്വസിക്കാം.

എന്റെ സഭ, എന്റെ രാജ്യം, എന്റെ കുടുംബം, എന്റെ ബിസിനസ്; എനിക്ക് പ്രിയപ്പെട്ടവ ഇവയാണ്. അവയിൽ എനിക്ക് ഏറ്റവും പ്രധാനം എന്റെ സഭയാണ് എന്ന് തന്റെ മക്കളെ ചൊല്ലിപ്പഠിപ്പിച്ച എം. ജി. ജോർജ്ജ് മുത്തൂറ്റ് എന്ന ജോയിച്ചായനുമായി ഈ ലേഖകന് പരിചയമുണ്ടാകുന്നത് 2007-ലെ സമുദായ ട്രസ്റ്റി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടാണ്. അതും പരസ്യമായി ശത്രുപക്ഷത്തു നിൽക്കുമ്പോൾ!

തിരഞ്ഞെടുപ്പു പ്രചരണം കൊടുമ്പിരികൊണ്ടു നിൽക്കുമ്പോൾ തികച്ചും എതിർ പാളയത്തിൽ നിൽക്കുന്ന ഈ ലേഖകനടക്കം ഒരു ചെറിയ സംഘവുമായി അദ്ദേഹം സംഭാഷണം നടത്തുവാൻ ആഗ്രഹിക്കുകയും അതനുസരിച്ച് ഒരു കൂടിക്കാഴ്ച സംഘടിപ്പിക്കുകയും ചെയ്തു. മണിക്കൂറുകൾ സംസാരിച്ചിട്ടും ഇരുപക്ഷവും തങ്ങളുടെ ആദർശത്തിൽ ഉറച്ചുനിന്നതോടെ ചർച്ച വിഫലമായി. പുഞ്ചിരിച്ചുകൊണ്ടുതന്നെ ഇരുപക്ഷവും പിരിഞ്ഞു.

ആ തിരഞ്ഞെടുപ്പിൽ ജോയിച്ചായൻ വിജയിച്ചു. അതിനുശേഷം പല സഭാവേദികളിലും ഈ ലേഖകനുമായി ജോയിച്ചായൻ കണ്ടുമുട്ടാനിടയായി. ആദ്യം അദ്ദേഹം തന്നെയാണ് പരിചയം പുതുക്കി അടുത്തേക്കു വന്നത്. അന്നു മുതൽ ഇതഃപര്യന്തം അദ്ദേഹം പഴയ ഏറ്റുമുട്ടലിനേക്കുറിച്ചു ഒരക്ഷരം സൂചിപ്പിച്ചിട്ടില്ല. ഇടക്കെന്നോ സംബോധന *എടാ കുഞ്ഞേ* എന്നായി. പ്രായംകൊണ്ട് പിതൃസഹോദരതുല്യനായ അദ്ദേഹം അപ്രകാരം സംബോധന ചെയ്യുന്നതിൽ ഈ ലേഖകനു വിരോധവും തോന്നിയിട്ടില്ല. 38,000 കോടിയുടെ ആസ്തിയുള്ള, ഏറ്റവും വലിയ മലയാളി കോടീശ്വരൻ എന്ന ജാഡയൊന്നും ഒരിക്കലും അദ്ദേഹം ഈ ലേഖകനോട് കാണിച്ചിട്ടുമില്ല. അതോടെ തിരിച്ചുള്ള സംബോധന *ജോയിച്ചായൻ* എന്നുമായി.

ഓരോ കൂടിക്കാഴ്ചയും - ഹൃസ്വമായാലും ദീർഘമായാലും - അവസാനം ചെന്നെത്തുക സഭാ വിഷയങ്ങളിലാവും. തന്റെ ബിസിനസ് സാമ്രാജ്യം പോലെ തന്നെ തന്റെ സഭയുടെ വികസനത്തെപ്പറ്റിയും അദ്ദേഹത്തിനു വിശാലമായ കാഴ്ചപ്പാടും സ്വപ്നങ്ങളുമുണ്ടായിരുന്നു. അവയിൽ പലതും ഉൾക്കൊള്ളാനോ അംഗീകരിക്കാനോ ഈ ലേഖകനടക്കം പലർക്കും സാധിക്കുമായിരുന്നില്ല. എങ്കിൽപ്പോലും വ്യക്തിപരമായ ഏതെങ്കിലും നേട്ടങ്ങൾക്കോ സ്വാർത്ഥലാഭത്തിനോ അല്ലാതെ തന്റെ സഭയെപ്പറ്റിയുള്ള ആത്മാർത്ഥമായ സ്നേഹം ഒന്നുകൊണ്ടു മാത്രമാണ് അദ്ദേഹം ഈ ചിന്തകൾ പങ്കുവെച്ചത് എന്ന് വ്യക്തം. കാരണം സഭ കൊണ്ട് ഭൗതികമായി ഒന്നും അദ്ദേഹത്തിനു നേടേണ്ടിയിരുന്നില്ല. അതിനാൽത്തന്നെ മറ്റു പല സ്ഥാനികളേയും പോലെ സഭയ്ക്കു ദ്രോഹമൊന്നും ചെയ്തിട്ടുമില്ല.

കോഴഞ്ചേരിയിലെ ഒരു പ്രാദേശിക *പണ്ടംപണയം* ഇടപാടിൽനിന്നും ശതകോടികളിലേയ്ക്കുള്ള വളർച്ചയ്ക്കു പിന്നിൽ തലമുറകളുടെ കഠിനാദ്ധ്വാനമുണ്ട്. അതിലൊരു പ്രധാന പങ്ക് ജോയിച്ചായനുമുണ്ട്. *പണ്ടംപണയം* ഇടപാടിൽ നിന്നും കാറ്റാടിപ്പാടങ്ങളും ഹോട്ടൽ ശൃംഖലയും റിയൽ എസ്റ്റേറ്റും വിദ്യാഭ്യാസവും, ആരോഗ്യ പരിപാലനവും അടക്കം ബഹുമുഖ വ്യവസായങ്ങളിലേയ്ക്ക് മുത്തൂറ്റ് ഗ്രൂപ്പ് വികസിച്ചു കഴിഞ്ഞു. ഈ യാഥാർത്ഥ്യത്തിനുനേരെ കണ്ണടച്ചിട്ടു കാര്യമില്ല.

സ്വർണപ്പണയ ബിസിനസ് അത്ര മോശമൊന്നുമല്ല. നൂറ്റാണ്ടുകളായി നസ്രാണികൾ പിന്തുടരുന്ന ഒരു ബിസിനസ് മേഖലയാണിത്. നസ്രാണികൾ നടത്തുന്ന ഈടുള്ളതും ഈടില്ലാത്തതുമായ (Secured & Unsecured)



വായ്പ്പകളേപ്പറ്റിയും അവയുടെ പലിശ നിരക്കുകളെപ്പറ്റിയും 1599-ലെ *ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാ*കളിൽ പരാമർശനം ഉണ്ട്. വ്യക്തികൾ മാത്രമല്ല, പത്തൊമ്പതാം നൂറ്റാണ്ടുവരെ ഇടവകപ്പള്ളികളും ഭൂമി, സ്വർണ്ണം, ചെമ്പ്-പിച്ചള-ഓട് പാത്രങ്ങൾ ഇവയുടെ ഈടിൽ പണം പലിശയ്ക്കു കടം കൊടുക്കുമായിരുന്നു എന്നും രേഖകളുണ്ട്. എന്തിന്? യേശുക്രിസ്തു പോലും താലന്തു ലഭിച്ചിട്ടു അത് ഫലപ്രദമായി വിനിയോഗിക്കാതിരുന്ന ദാസനോട്, നിന്നെക്കൊണ്ടു വ്യാപാരം ചെയ്യാൻ കഴിവില്ലെങ്കിൽ എന്തുകൊണ്ട് അത് പണി അറിയാവുന്ന പണവ്യാപാരിയെ ഏൽപ്പിച്ചു പലിശ വാങ്ങിക്കുകയെങ്കിലും ചെയ്തില്ല എന്നാണ് ഉപമയിൽ ചോദിച്ചത്!

നസ്രാണികൾ മാത്രമല്ല, കേരളത്തിലെ പല പ്രമുഖരുടേയും വളർച്ചയ്ക്കു പിമ്പിൽ സ്വർണപണയത്തിന്റെ പശ്ചാത്തലമുണ്ട്. കോട്ടയ്ക്കൽ ആര്യ വൈദ്യശാലയുടെ അടിസ്ഥാന മൂലധനം സ്ഥാപകനായ വൈദ്യരത്നം പി. എസ്. വാര്യരുടെ മാതാവ് ചെറിയ തോതിൽ നടത്തിയിരുന്ന സ്വകാര്യ സ്വർണ പണയ ഇടപാടിലെ മിച്ചമൂല്യം ആയിരുന്നു എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇത് ഇത്ര വിശദമായി രേഖപ്പെടുത്തിയത് എം. ജി. ജോർജ്ജ് മുത്തൂറ്റിന്റെ നിര്യാണവുമായി ബന്ധപ്പെട്ട് ചിലർ നടത്തിയ പ്രതിലോമ പരാമർശനങ്ങളാണ്. *കൊള്ളപ്പലിശക്കാരൻ* മുതലായ സംബോധനകൾ ചാർത്തിക്കൊടുത്തവരിൽ *തിരുമേനി* എന്ന വിളി തനിക്ക് ഇഷ്ടമല്ലെന്നു പ്രചരിപ്പിക്കുന്ന ഒരു ബിഷപ്പും ഉൾപ്പെടും എന്നതാണ് പരിതാപകരം. ഇതിനു ന്യായീകരണം ഇല്ല എന്നതാണ് വാസ്തവം. ആരെയും നിർബന്ധിച്ച് ആരും പണയം വയ്പ്പിക്കുന്നില്ല. പ്രത്യേകിച്ച് മുട്ടിനുമുട്ടിന് സർക്കാർ-സഹകരണ-ഷെഡ്യൂൾഡ് ബാങ്കുകളുള്ള, *ബാങ്കിംഗ് സാന്ദ്രത* (Banking density) ഏറ്റവും ഉയർന്നു നിൽക്കുന്ന കേരളത്തിൽ ആരെങ്കിലും സ്വകാര്യ പണമിടപാട് സ്ഥാപനത്തിൽനിന്നും വായ്പ്പയെടുക്കുന്നത് അവരുടെ സ്വന്തം താത്പര്യം അനുസരിച്ച് മാത്രമാണ്. പിന്നെ പലിശയും പിഴപ്പലിശയും ജപ്തിയുമൊക്കെ *സർക്കാർ വിലാസം* ബാങ്കുകളിലും മുറതെറ്റാതെയുണ്ട്.

രണ്ടാമതായി, ഏതാനും വർഷം മുമ്പ് ജോയിച്ചായൻ ഈ ലേഖകനോട്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പറഞ്ഞതനുസരിച്ചാണെങ്കിൽ *...എടാ കുഞ്ഞേ, ഇന്നു മുത്തൂറ്റ് ഗ്രൂപ്പിന്റെ മൊത്തം ബിസിനസിന്റെ അഞ്ച് ശതമാനത്തിൽ താഴെ മാത്രമാണ് സ്വർണ പ്പണയം. അത് നിർത്തിയാലും ഞങ്ങങ്ങൾക്കൊന്നുമില്ല.* ഈ ധൈര്യത്തിലാവണം, 2019-ൽ മുത്തൂറ്റിന്റെ പണമിടപാട് സ്ഥാപനങ്ങളിൽ സമര പരമ്പരകൾ അരങ്ങേറിയപ്പോൾ പത്രസമ്മേളനം വിളിച്ചുകൂട്ടി കേരളത്തിലെ തങ്ങളുടെ സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിക്കുകയാണെന്ന് പ്രഖ്യാപിക്കുവാൻ ചെയർമാൻ എം. ജി. ജോർജിനു ധൈര്യം വന്നത്. അതു സംഭവിച്ചിരുന്നെങ്കിൽ 25,000-ത്തോളം പേർക്ക് തൊഴിൽ നഷ്ടപ്പെടുമായിരുന്നു എന്നാണ് ചില കണക്കുകൾ.

ഈ സമരത്തെപ്പറ്റി ഒരു വാക്ക് രേഖപ്പെടുത്താതെ നിവർത്തിയില്ല. കേരളത്തിൽ ചെറുതും വലുതുമായ അനേകം പണമിടപാട് സ്ഥാപനങ്ങൾ ഉള്ളപ്പോൾ എന്തുകൊണ്ട് മറ്റ് സ്ഥാപനങ്ങളിലൊന്നും സമരങ്ങൾ അരങ്ങേറിയില്ല? അവിടൊക്കെ തൊഴിലാളി യൂണിയൻ ആവശ്യപ്പെടുന്ന തോതിലാണോ ശമ്പളം നൽകുന്നത്? സമാന ബിസിനസ് നടത്തുന്ന കേരളത്തിലെ രണ്ടു സ്ഥാപനങ്ങൾക്കുവേണ്ടി നടത്തിയ സ്പോൺസേഡ് സമരമാണ് അരങ്ങേറിയതെന്ന് അന്നു ചില ശ്രുതികളുണ്ടായിരുന്നു. ഏതായാലും ആ ഭീഷണിയും മുത്തൂറ്റ് ഗ്രൂപ്പ് അതിജീവിച്ചു. എതാനും ദശകം മുമ്പ് കോട്ടയം മലയാള മനോരമ ഓഫീസിനു മുമ്പിൽ പന്തൽകെട്ടി *പൂട്ടിക്കും* എന്ന ഭീഷണിയുമായി സമരാഭാസം നടത്തിയ അതേ പ്രസ്ഥാനമാണ് മുത്തൂറ്റ് സമരത്തിനും പിന്നിൽ എന്നതിനെ യാദൃശ്ചികമായി കാണാനാവില്ല. അതും, ബഹുമാന്യരായ ചില രാഷ്ട്രീയ നേതാക്കൾ മുകളിൽ പറഞ്ഞ പത്രസമ്മേളനത്തിന്റെ പേരിൽ പൊതുവേദികളിൽ മൈക്കു വെച്ചുകെട്ടി എം. ജി. ജോർജിനെ വ്യക്തിപരമായി ആക്ഷേപിച്ചതും കൂട്ടി വായിക്കണം.

കേരളത്തിൽ ചെറുതും വലുതുമായ അനേകം സ്വകാര്യ ധനമിടപാടു സ്ഥാപനങ്ങൾ പൂട്ടിപ്പോയിട്ടുണ്ട്. നിക്ഷേപകർ വഞ്ചിതരായിട്ടുണ്ട്. ശതകോടികളാണ് ഇത്തരം നിക്ഷേപ തട്ടിപ്പുകളിലൂടെ മലയാളികൾക്കു നഷ്ടപ്പെട്ടത്. ആ പരമ്പര ഇന്നും തുടരുന്നു. പക്ഷേ മുത്തൂറ്റ് ഗ്രൂപ്പിനെ സംബന്ധിച്ച് അത്തരം ഒരു ആക്ഷേപം ഇന്നുവരയില്ല. കുറെ വർഷം മുമ്പ് ജോയിച്ചായൻ പറഞ്ഞതനുസരിച്ചാണെങ്കിൽ അവർ സ്വീകരിച്ചിരിക്കുന്ന നിക്ഷേപത്തിനു 130 ശതമാനം സുരക്ഷ ഉറപ്പ് വരുത്തിയിട്ടുണ്ട്. അതിനു സ്വീകരിച്ച മാർഗ്ഗവും അദ്ദേഹം ഈ ലേഖകനോട് വിശദീകരിച്ചു. അത് യാഥാർത്ഥ്യമാണെങ്കിൽ അതിനെ *ബ്രില്യന്റ്* എന്നു വിശേഷിപ്പിക്കണം. സമീപകാലത്ത് മുത്തൂറ്റ് ഗ്രൂപ്പ് പ്രസിദ്ധീകരിച്ച കൈപ്പുസ്തകം അനുസരിച്ചാണെങ്കിൽ ഇന്നത് 140 ശതമാനമായി ഉയർന്നിട്ടുണ്ട്. അത് അന്ന് ഈ ലേഖകനോട് ജോയിച്ചായൻ പറഞ്ഞ സ്വർണ്ണ നിക്ഷേപത്തിൽ തന്നെ!

മുത്തൂറ്റ് ഗ്രൂപ്പുകൾ പൂട്ടിക്കാനുള്ള ശ്രമം നടാടെയല്ല. ഏതാനും ദശകം മുമ്പ് ഈ ഗ്രൂപ്പുകൾ പ്രതിസന്ധിയിലാണ് എന്ന തരത്തിലുള്ള വാർത്തകൾ വ്യാപകമായി പ്രചരിച്ചു. കോട്ടയത്തു നിന്നും അന്ന് പ്രസിദ്ധീകരണം ഇല്ലാതിരുന്ന കേരളത്തിലെ ഒരു പ്രമുഖ മാധ്യമമായിരുന്നു ഇതിനു പിമ്പിൽ. അത്തരം ഒരു പ്രചരണം നിക്ഷേപകരെ പരിഭ്രാന്തരാക്കും. അതിന്റെ ഫലമായി അവർ കൂട്ടമായി എത്തി നിക്ഷേപങ്ങൾ പിൻവലിക്കും. അങ്ങിനെ സംഭവിച്ചാൽ വമ്പൻ ബാങ്കുകൾ പോലും പ്രതിസന്ധിയിലാകുകയും അടിപതറുകയും ചെയ്യും. ധനകാര്യ മേഖലയിൽ *ബാങ്ക് റൺ* എന്നറിയപ്പെടുന്ന ഈ പ്രതിഭാസത്തിനു വഴിമരുന്നിട്ട് മുത്തൂറ്റിനെ തകർക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. പക്ഷേ അതു സംഭവിച്ചില്ല. മൂന്നു ഗ്രൂപ്പുകളുടേയും അന്നത്തെ തലവന്മാർ ചേർന്ന്, എപ്പോൾ വേണമെങ്കിലും അവധി പറയാതെ മുഴുവൻ നിക്ഷേപവും മടക്കിത്തരാം എന്ന ഒരൊറ്റ പരസ്യം നൽകിയതോടെ *ബാങ്ക് റൺ* സ്വപ്നം തകർന്നു. അത് അവർക്ക് മുകളിൽ പറഞ്ഞ സ്വർണ്ണ നിക്ഷേപത്തിന്റെ പിൻബലം നൽകുന്ന ധൈര്യമായിരിക്കാം.

ജോയിച്ചായന്റെമേൽ ചൊരിഞ്ഞ അധിഷേപങ്ങളെ മലയാളിക്കു സഹജമായ *അസൂയ* എന്ന വികാരം മാത്രമായി തള്ളിക്കളയാൻ ആവില്ല. അതൊരു തരം അസഹിഷ്ണുത കൂടെയാണ്. ഇതര രണ്ട് മലയാളി ശതകോടീശ്വരന്മാരായ യൂസഫലിയോടും രവി പിള്ളയോടും ഒക്കേ ഇതേ വികാരമാവും മലയാളി വെച്ചുപുലർത്തുക. പക്ഷേ അവരെ അധിഷേപിച്ചാൽ പ്രതികരണം എന്താവുമെന്ന് ആർക്കും നിശ്ചയമില്ല. പക്ഷേ സൗമ്യനായ ജോയിച്ചായന്റെ കാര്യത്തിൽ അദ്ദേഹത്തിൽനിന്നും പ്രതികരണം ഉണ്ടാവില്ലെന്ന ഉറപ്പാവണം ആ ജീവിതകാലത്തെ അധിക്ഷേപങ്ങൾക്ക് ധൈര്യം പകർന്നത്.

നിലവിലുള്ള സ്വഭാവമനുസരിച്ച് വെറുമൊരു അത്മായ പ്രമുഖനായ എം. ജി. ജോർജ്ജ് മുത്തൂറ്റ് സഭാചരിത്രത്തിൽ തമസ്ക്കരിക്കപ്പെട്ടേക്കാം. പക്ഷേ സഭയോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയും സംഭാവനകളും എക്കാലവും മൂടിവെക്കാനാവില്ല.



അനേക തവണ സഭാ മാനേജിംഗ് കമ്മിറ്റിയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗവും പത്തു വർഷം അവൈദിക ട്രസ്റ്റിയുമായിരുന്നു എം. ജി. ജോർജ്ജ് മുത്തൂറ്റ്. 2017-ൽ ട്രസ്റ്റി സ്ഥാനം ഒഴിഞ്ഞതിനു ശേഷം അദ്ദേഹത്തിനു വേണമെങ്കിൽ മാനേജിംഗ് കമ്മിറ്റിയിൽ ഒരു നോമിനേറ്റഡ് അംഗത്വം സംഘടിപ്പിക്കാമായിരുന്നു. അതിനു മുതിരാതെ വീണ്ടും തിരഞ്ഞെടുപ്പു ജയിച്ച് മാനേജിംഗ് കമ്മിറ്റിയിലെത്തുകയാണ് ജോയിച്ചായൻ ചെയ്തത്. അതാണ് അദ്ദേഹത്തിന്റെ മഹത്വം.

ദേവലോകം അരമനയിലേയും പഴയസെമിനാരിയിലേയും പെരുന്നാളുകൾക്കാണ് മിക്കവാറും ഞങ്ങൾ കണ്ടുമുട്ടിയിരുന്നത്. മുണ്ടും ഷർട്ടും ധരിച്ച് സാധാരണ നസ്രാണിയായി പഴയസെമിനാരിയിലെ മാവിൻചോട്ടിൽ നിൽക്കുന്ന ജോയിച്ചായനാവാം മിക്കവാറും *എടാ കുഞ്ഞേ നീ എന്നെ മറന്നുപോയോ* എന്ന ചോദ്യവുമായി ഈ ലേഖകനെ സമീപിക്കുന്നത്. കോവിഡ് 19-ന്റെ ലോക്ക് ഡൗൺ വീണതോടെ ഈ ബന്ധം അവസാനിച്ചു.

പക്ഷേ നാലു മാസം മുമ്പ് അപ്രതീക്ഷിതമായി ജോയിച്ചായൻ ഈ ലേഖകനെ വിളിച്ചു. ഒന്നര മണിക്കൂറോളം നീണ്ട സംഭാഷണത്തിന്റെ ആദ്യഭാഗം കോവിഡ്-19 മൂലം ഉണ്ടാകുന്ന ഭീകാരവസ്ഥയിൽ *എടാ കുഞ്ഞേ നീ സൂക്ഷിക്കണം* എന്നാരംഭിച്ച കുറെ സുരക്ഷാ ഉപദേശങ്ങളായിരുന്നു. പിന്നീട് സംഭാഷണം സഭയിലേയ്ക്കും സഭാചരിത്രം പഠിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കും തിരിഞ്ഞു. കൂട്ടത്തിൽ ഒരു പരിഭവവും പറഞ്ഞു. *എടാ കുഞ്ഞേ, നിന്നോട് തേവർവേലിൽ മത്തായി കത്തനാരുടെ ചരിത്രം ഒന്നു കണ്ടെത്തി തരണമെന്ന് പറഞ്ഞിട്ട് നീ ചെയ്തില്ലല്ലോ?* പക്ഷേ അപ്പോഴും അദ്ദേഹം മറ്റൊരു പരിഭവവും പറഞ്ഞില്ല. ഏതാനും ആഴ്ചകൾക്കുള്ളിൽ അദ്ദേഹത്തിന്റെ കുടുംബചരിത്രമടക്കമുള്ള കുറെ പ്രസിദ്ധീകരണങ്ങൾ അയച്ചുതരികയും ചെയ്തു.

ഇതിന് ഒരു പശ്ചാത്തലമുണ്ട്. ഒരു ദശാബ്ദം മുമ്പ് ഒരിക്കൽ ഞങ്ങളുടെ സംസാരമദ്ധ്യേ ജോയിച്ചായന്റെ കാരണവന്മാരിൽ ഒരാളും പ. പരുമല തിരുമേനിയുടെ സമകാലികനുമായ തേവർവേലിൽ മത്തായി കത്തനാരുമായി ബന്ധപ്പെട്ട ഒരു രേഖയെപ്പറ്റി ഈ ലേഖകൻ പരാമർശിച്ചു. അതിൽ ആവേശഭരിതനായ ജോയിച്ചായൻ, *എടാ കുഞ്ഞേ, തേവർവേലിൽ മത്തായി കത്തനാരുമായി ബന്ധപ്പെട്ട എല്ലാ രേഖയും കണ്ടെത്തണം. അതിന് എന്തു ചിലവു വന്നാലും ഞാൻ വഹിച്ചോളാം.* പക്ഷേ സമയദൗർലഭ്യവും അതിലുമുപരി ഒരു വ്യക്തിയേക്കുറിച്ച് ഗവേഷണം നടത്താനുള്ള വിമുഖതയും കൊണ്ട് ഈ ലേഖകൻ ആ വാഗ്ദാനം നിരസിച്ചു. പക്ഷേ പരിഭവം കൂടാതെ അത്രയും കാലത്തിനു ശേഷവും ജോയിച്ചായൻ അത് ഓർത്തിരുന്നു. അന്ന് ആ വാഗ്ദാനം സ്വീകരിച്ചിരുന്നു എങ്കിൽ തേവർവേലിൽ മത്തായി കത്തനാരുടെ കാലഘട്ടത്തെപ്പറ്റി ജോയിച്ചായന്റെ *ചിലവിൽ* ഒരു വിശദ ഗവേഷണം നടത്താമായിരുന്നു എന്നതാണ് സത്യം.


നിലവിലുള്ള സ്വഭാവമനുസരിച്ച് വെറുമൊരു അത്മായ പ്രമുഖനായ എം. ജി. ജോർജ്ജ് മുത്തൂറ്റ് സഭാചരിത്രത്തിൽ തമസ്ക്കരിക്കപ്പെട്ടേക്കാം. പക്ഷേ സഭയോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയും സംഭാവനകളും എക്കാലവും മൂടിവെക്കാനാവില്ല. *Dream, Dream Dream. Dreams transform into thoughts and thoughts result in action* എന്നു പ്രഖ്യാപിച്ച ഡോ. എ. പി. ജെ. അബ്ദുൾ കലാം ഇന്നില്ല. പ. സഭയെപ്പറ്റി നല്ല നാളെകൾ സ്വപ്നം കണ്ട ജോയിച്ചായനും കടന്നുപോയി. ❑

വചനതീർത്ഥം

പരാതികളില്ലാതെ ദൈവസ്തോത്രം

(വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച ക്ഫിഫ്ത്തോ ഞായർ / കൂനിയുടെ ഞായർ. വി. ലൂക്കോസ് 13: 10-17)

ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)



പകുതി നോമ്പ് പിന്നിട്ടു.വലിയ നോമ്പിന്റെ അവസാന പാദത്തിലേക്ക് നാം കടക്കുകയാണ്. അനുതാപത്തിന്റെ കണ്ണുനീരുകളാലും പശ്ചാത്താപ പ്രവർത്തികളാലും ആത്മീയ മാലിന്യത്തെ കഴുകികളയുന്ന പ്രക്രിയ തുടരുകയാണ്. മാനസികമായ മുറിവുകളെ സുഖപ്പെടുത്തുവാനും അയോഗ്യമായനടപടികളെ ഉപേക്ഷിക്കുവാനും നമ്മുടെ ശ്രമം വിജയിക്കുവാൻ പോകുകയാണ്.

പതിനെട്ടു സംവത്സരമായി രോഗാത്മാവു ബാധിച്ചിട്ടു ഒട്ടും നിവരുവാൻ കഴിയാതെയിരുന്ന കൂനിയായൊരു സ്ത്രീയെ, ശാബതിൽ ഒരു പള്ളിയിൽ വച്ച് ക്രിസ്തു സൗഖ്യമാക്കുന്നതാണ് ഇന്നത്തെ വി. വേദഭാഗം (വി. ലൂക്കോസ് 13:10-17). സ്ത്രീയുടെ ആവശ്യം നേരിട്ട് ഉണ്ടാകാതെയാണ് യേശു, ഇവിടെ സൗഖ്യം നൽകുന്നത്.

ജീവിതത്തിൽ ആർക്കും അസൗകര്യങ്ങളില്ല

മനുഷ്യർ സൗകര്യങ്ങളെക്കുറിച്ചല്ല അസൗകര്യങ്ങളെക്കുറിച്ചാണ് കൂടുതലും വേവലാതിപ്പെടുന്നത്. ജോലി, ശമ്പളം, സൗന്ദര്യം, പൊക്കം, നിറം, വീട് തുടങ്ങിയവയെല്ലാം അസൗകര്യങ്ങളാണെന്ന് സ്വയം വിലയിരുത്തുവാൻ ശ്രമിക്കുന്നവരുണ്ട്.

പതിനെട്ടു വർഷമായി ഒട്ടും നിവരുവാൻ കഴിയാതെ കൂനിയായൊരു സ്ത്രീ, പതിവായി ശാബത് ദിവസം പള്ളിയിൽ വരുമായിരുന്നു (13:10,11). അസൗകര്യങ്ങളെക്കുറിച്ച് അവൾ ചിന്തിച്ചില്ല. അത് അവളെ വേവലാതിപ്പെടുത്തിയുമില്ല. പള്ളിയിൽ പോകാതിരിക്കുവാൻ അത് ഒരു കാരണമായില്ല. സ്ത്രീക്ക്, ഉള്ളതെല്ലാം തന്റെ സൗകര്യങ്ങളാണെന്നു പൂർണ്ണമായി തിരിച്ചറിഞ്ഞ്, ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള ഉത്തരവാദിത്വത്തിൽ നിന്നും പിൻമാറിയില്ല.


സ്ത്രീ, ദൈവത്തോട് പരാതി ഒന്നും പറയുന്നില്ല. തന്റെ രോഗത്തെക്കുറിച്ചോ ശാരീരിക വൈഷമ്യങ്ങളെക്കുറിച്ചോ ഒന്നും പറയുന്നില്ല. ദൈവം ഇപ്പോൾ തന്നിരിക്കുന്നതെല്ലാം - അത് ആരോഗ്യമായാലും സൗന്ദര്യമായാലും - സന്തോഷത്തോടെ സ്വീകരിച്ച് ദൈവത്തെ സ്തുതിക്കുക എന്നതായിരുന്നു അവളുടെ ലക്ഷ്യം.

തങ്ങൾക്ക് ഉള്ളതിനെക്കുറിച്ച് ഓർത്ത് ദൈവത്തെ സ്തുതിക്കുന്നവർക്ക്, അവർ ആവശ്യപ്പെടാതെ തന്നെ, യേശു സമീപസ്ഥനായി വന്ന് അനുഗ്രഹിക്കും. പ. പൗലോസ് ശ്ലീഹാ പറയുന്നു ഫിലിപ്പിയർ 4:12 'താഴ്മയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്ക് അറിയാം. തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ട് അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും ശക്തനാകുന്നു.'

ജീവിതത്തെ, മറ്റുള്ളവരുമായി താരതമ്യപ്പെടുത്തരുത്

ജീവിതത്തിൽ ആകുലതകൾ ഉണ്ടാകുന്നതിന് വിവിധ കാരണങ്ങൾ ഉണ്ട്. അതിൽ ഒന്നാണ്, മറ്റുള്ളവരുടെ ജീവിതവുമായി താരതമ്യപ്പെടുത്തി വിലയിരുത്തുന്നത്. രണ്ടുതരം താരതമ്യങ്ങൾ ഉണ്ട്. ഒന്ന്, ദൈവകൃപ മറ്റുള്ളവരേക്കാൾ കുറവാണ്. ഇപ്പോൾ ദൈവം തന്നിട്ടുള്ള അനുഗ്രഹങ്ങൾ, മറ്റുള്ളവർക്ക് ലഭിച്ചതിനേക്കാൾ കുറവാണെന്ന് ചിന്തിക്കുന്നത്. ആത്മീയതയിലും ഭൗതീകതയിലും ഇത് കാണാം.

രണ്ട്, മറ്റുള്ളവരേക്കാൾ ദൈവകൃപ കൂടുതലാണ്. നാം നല്ലതും നന്മയുമാണെന്നും മറ്റുള്ളവർ തെറ്റും അശുദ്ധിയുമാണെന്നുമുള്ള ചിന്ത. നാം പൂർണ്ണരാണെന്നും മറ്റുള്ളവർ അപൂർണ്ണരാണെന്നുമുള്ള വിചാരം. പ്രാർത്ഥിക്കുന്നവർ എന്ന് സ്വയം തോന്നുന്നവർ, മറ്റുള്ളവരുടെ ആത്മീയതയെ പരിഹസിക്കുന്നു.



വി. ലൂക്കോസ് 18: 9-14-ൽ ചുങ്കക്കാരനും പരീശനും ദൈവാലയത്തിൽ പ്രാർത്ഥിക്കുവാൻ പോകുന്ന ഉപമ, കർത്താവ് പറയുന്നു. അവിടെ പരീശന്റെ പ്രാർത്ഥന, സ്വയം പുകഴ്ത്തിക്കൊണ്ടും ചുങ്കക്കാരനെ പരിഹസിച്ചുമായിരുന്നു. എന്നാൽ ചുങ്കക്കാരന്റെ പ്രാർത്ഥനയാണ് ദൈവം സ്വീകരിച്ചതും അവനെയാണ് നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്ക് തിരിച്ചയച്ചതും. പരീശന്റെ അമിത വിശ്വാസം, അവനെ ആകുലതകളിലേക്ക് നയിച്ചു. നാം മെച്ചമാണെന്നും മറ്റുള്ളവർ മോശമാണെന്നും ചിന്തിക്കുന്ന വിശ്വാസം, അമിത വിശ്വാസമാണ് (ീലൃ രീളശറലിരല); ആത്മവിശ്വാസമല്ല (ലെഹള രീളശറലിരല).

ആകുലത ഒട്ടും ഇല്ലാത്ത വ്യക്തിയായിരുന്നു കൂനിയായ സ്ത്രീ. അവൾ ഒരിക്കലും, തന്റെ കൂടെ ദേവാലയത്തിൽ ആരാധന നടത്തുന്നവരുമായി സ്വയം താരതമ്യപ്പെടുത്തുവാൻ ശ്രമിച്ചില്ല. മറിച്ച്, തനിക്കുള്ള ദൈവകൃപയെക്കുറിച്ചുള്ള സ്തുതിയും സ്തോത്രവുമായിരുന്നു ഉണ്ടായിരുന്നത്. ഇവിടെ രണ്ടുതരം താരതമ്യവുമുണ്ട്. ഒന്ന്, സ്വയം കുറച്ച് കണ്ടില്ല, തനിക്കുള്ളതെല്ലാം ദൈവം ദാനമായി തന്നതാണ്. രണ്ട്, തനിക്കുള്ളത് മാത്രമാണ് ശരിയെന്നും മറ്റുള്ളവർ തെറ്റാണെന്നുമുള്ള ചിന്തയിലെ അമിതവിശ്വാസവും ഇല്ലായിരുന്നു.

ആരാധനയിക്ക് കീഹ്ലാലിേ ഉണ്ടാകണം

നമ്മുടെ എല്ലാ പ്രവൃത്തികൾക്കും കീഹ്ലാലിേ ഉണ്ടാകണം എന്ന് പറയാറുണ്ട്. ചിരിച്ചാൽ, അഭിവാദനം പറഞ്ഞാൽ, കലാപരമായത് ചെയ്താൽ, ജോലി -കുടുംബ-ആത്മീയ ജീവിതത്തിൽ, എല്ലായിടത്തും കീഹ്ലാലിേ ഉണ്ടാകണം. ആരാധനയിലെ കീഹ്ലാലിേ എന്നത് ഹൃദയം നുറുങ്ങുന്ന അവസ്ഥയാണ്.

'ഹൃദയം നുറുങ്ങി പ്രാർത്ഥിക്കുന്നവർക്ക് യഹോവ സമീപസ്ഥൻ' (സങ്കീ. 34:18). കുമ്പിടുന്നതും, കുരിശു വരയ്ക്കുന്നതും, കൈകൾ ഉയർത്തുന്നതും, തല വണങ്ങുന്നതും എല്ലാം ഹൃദയം നുറുങ്ങുന്നതിനു വേണ്ടിയാണ്.

കൂനിയായാ സ്ത്രീ, ഹൃദയം നുറുങ്ങി പ്രാർത്ഥിക്കുന്ന സ്ത്രീ ആയിരുന്നു. എങ്ങനെ നിൽക്കുന്നു എന്നതല്ല; ഹൃദയം നുറുങ്ങിയാണോ പ്രാർത്ഥിക്കുന്നതെന്നാണ് ശ്രദ്ധിക്കേണ്ടത്. അവൾ കുനിഞ്ഞാണ് പള്ളിയിൽ നിൽക്കുന്നത്. അവൾക്ക് മുഖമോ കൈകളോ ഉയർത്തി നിൽക്കുവാൻ കഴിയുന്നില്ല. എങ്കിലും അവൾ, കുനിഞ്ഞ് നിന്ന് ആത്മാർത്ഥതയോടെ ആരാധനയിൽ പങ്കെടുക്കുകയായിരുന്നു. ഹൃദയം നുറുങ്ങിയായിരുന്നു അവളുടെ പ്രാർത്ഥന. അതാണ് യേശുവിനെ സംപ്രീതനാക്കിയത്.

ഇരിക്കുമ്പോൾ, കിടക്കുമ്പോൾ, നടക്കുമ്പോൾ, ജോലി ചെയ്യുമ്പോൾ, കളിക്കുമ്പോൾ എല്ലാം നമുക്ക് പ്രാർത്ഥിക്കാം. ഹൃദയം നുറുങ്ങിയതാണെങ്കിൽ ദൈവം അവ സ്വീകരിക്കും. കീഹ്ലാലിട നുസഹായിക്കുന്ന എല്ലാ ഘടകങ്ങളും സ്വീകരിക്കാം. പ്രാർത്ഥന വാചകങ്ങൾ, ഭാഷ, പാട്ടുകൾ, അംഗവിക്ഷേപങ്ങൾ ഇവയെല്ലാം ശരിയായി ഉപയോഗിക്കുമ്പോൾ യേശു നമ്മെ കാണുകയും കേൾക്കുകയും തിരിച്ചറിയുകയും ചെയ്യും. നമ്മെ അനുഗ്രഹിക്കും. സങ്കീ. 51:17 'തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കുന്നില്ല.'

ഹിസ്കിയാവ് മരണക്കിടക്കയിൽ കിടക്കുമ്പോഴാണ്, അവന്റെ മുഖം ചുവരിനു നേരെ തിരിച്ച് പൊട്ടിക്കരഞ്ഞു പ്രാർത്ഥിച്ചത്. ഹൃദയം നുറുങ്ങിയ പ്രാർത്ഥന യഹോവ സ്വീകരിച്ചു (യിശയ്യാവ് 38:1-5).

ആവശ്യമുള്ളത് യാചിക്കാതെ നൽകുന്ന ക്രിസ്തു

യേശുക്രിസ്തു ശാബതിൽ പള്ളിയിൽ വന്നതുകൊണ്ട്, കൂനിയായ സ്ത്രീ ആരാധനയ്ക്കു വന്നതല്ല. പതിനെട്ടു സംവത്സരമായി അവൾ മുടങ്ങാതെ ആരാധനയ്ക്കു വരുന്നുണ്ടായിരുന്നു. സ്ത്രീക്ക്, ദൈവത്തെ മഹത്വപ്പെടുത്തുക എന്നതു മാത്രമാണ് ഉദ്ദേശ്യം. യേശു, അത് തിരിച്ചറിഞ്ഞതുകൊണ്ടാണ്, അവൾ യാചിക്കാതെ, അവളെ അടുക്കൽ വിളിച്ച് രോഗബന്ധനം മാറ്റി സൗഖ്യമാക്കിയത്. 'സ്ത്രീയേ, നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു' (13:12).

നമുക്ക് ആവശ്യമുള്ളതെന്തെന്ന്, നമ്മെക്കാൾ അറിയുന്ന ക്രിസ്തു കരുണയും ദയയും ഉള്ളവനാണ്. വി. മത്തായി 6:8 'നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്നു നിങ്ങൾ യാചിക്കും മുമ്പേ, നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ.' ഫിലിപ്യർ 4:6 'ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടത്.'

ആന്തരിക വിശുദ്ധിയാണ് ആവശ്യം

കൂനിയായ സ്ത്രീയെ യേശു ശാബതിൽ സൗഖ്യമാക്കിയതുകൊണ്ട് പള്ളിപ്രമാണി നീരസപ്പെട്ടു. അതറിഞ്ഞ ക്രിസ്തു, കപടഭക്തിക്കാരായ പ്രമാണികളെ നിശിതമായി വിമർശിക്കുന്നു (വി. ലൂക്കോസ് 13:15). ബാഹ്യമായ അനുഷ്ഠാനങ്ങളെക്കാളും ആന്തരിക വിശുദ്ധിയെ തിരിച്ചറിയുന്ന ക്രിസ്തുവിന്റെ സന്നിധിയിലാണ് നാം പ്രാർത്ഥിക്കുന്നത്.

വി. മത്തായി 9:13 'യാഗത്തിലല്ല; കരുണയിലത്രേ ഞാൻ പ്രസാദിക്കുന്നത്.' വലിയ നോമ്പിന്റെ നാളുകളിൽ നോമ്പും ഉപവാസവും പ്രാർത്ഥനകളും വി. വേദപുസ്തക പാരായണവും ദണ്ഡനമസ്കാരങ്ങളുമെല്ലാം നമ്മുടെ ആന്തരിക വിശുദ്ധിക്ക് കാരണമാകുന്നതാകണം. ബാഹ്യമായ അനുഷ്ഠാനങ്ങളെക്കാൾ ആന്തരീക വിശുദ്ധിക്ക് പ്രാധാന്യം കൊടുക്കുമ്പോൾ മാത്രമേ നമ്മുടെ ആത്മീയ ജീവിതത്തിന് പ്രസക്തിയും ദൈവപ്രസാദവും കൈവരുകയുള്ളൂ. മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടിയുള്ള ആത്മീയ ചേഷ്ടകൾക്ക് യാതൊരു പ്രയോജനവുമില്ല.

പാമ്പാടി തിരുമേനിയുടെ ഓർമപെരുന്നാൾ എപ്രിൽ 4-നും 5-നും

പാമ്പാടി: പരിശുദ്ധ പാമ്പാടി തിരുമേനിയുടെ 56-ാം ഓർമപ്പെരുന്നാൾ പാമ്പാടി ദയറയിൽ ഏപ്രിൽ 4-നും 5-നും നടത്തും. 21-ന് 4-ന് സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് കൊടിയേറ്റ് നിർവഹിക്കും. ഏപ്രിൽ 4-ന് 6.30 ന് പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രലിൽ നിന്നു വാഹനങ്ങളിൽ റാസ. മെത്രാപ്പൊലീത്താമാർ പങ്കെടുക്കും. ദയറയിൽ നടത്തുന്ന സന്ധ്യാനമസ്കാരത്തിനു പരിശുദ്ധ കാതോലിക്കാ ബാവാ കാർമികത്വം വഹിക്കും. 6.45 ന് അനുസ്മരണ പ്രസംഗം: ഫാ. ഡോ. റെജി മാത്യൂസ്. 8 മുതൽ കബറിങ്കൽ അഖണ്ഡ പ്രാർഥന. 5-ന് പുലർച്ചെ 5-ന് ഡോ. യൂഹാനോൻ മാർ ദിയസ്കോറോസിന്റെ കാർമികത്വത്തിൽ വി. കുർബാന. 8-ന് മൂന്നിന്മേൽ കുർബാന. തുടർന്നു പ്രസംഗം, പ്രദക്ഷിണം, ശ്ലൈഹിക വാഴ്വ്, ഏപ്രിൽ 6 മുതൽ 10 വരെ ദിവസവും 7-ന് കുർബാന ഉണ്ടായിരിക്കും. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചു വിശ്വാസികൾ പെരുന്നാൾ ചടങ്ങിൽ പങ്കെടുക്കണമെന്ന് അധികൃതർ അറിയിച്ചു. പെരുന്നാൾ ശുശ്രൂഷകളുടെ തൽസമയം സംപ്രേഷണം ദയറയുടെ ഔദ്യോഗിക ഫെയ്സ്ബുക് പേജിലും യൂട്യൂബിലും ഉണ്ടായിരിക്കും.

എം. ജി. സർവകലാശാലയിൽ നിന്ന് എം.എസ്.സി. സൈക്കോളജിയിൽ രണ്ടാം റാങ്ക് നേടിയ സെലിൻ അന്ന ജോൺ. കൈപ്പട്ടൂർ സെന്റ് ഇഗ്നാത്തിയോസ് ഓർത്തഡോക്സ് മഹായിടവകാംഗമാണ്.





കൊല്ലം, അടൂർ - കടമ്പനാട് മെത്രാസനത്തിന്റെ സംയുക്ത ആഭിമുഖ്യത്തിൽ വൈദികരുടെ വാർഷിക ധ്യാനം ശാസ്താംകോട്ട മാർ ഏലിയാ ചാപ്പലിൽ നടന്നു.




ICON Excellence Award Distribution: ICON excellence award distribution was held on 6th March 202 at Pampady Dayara Chapel. The event was presided and the scholarship distributed by Dr Yuhanon Mar Dioscoros Metropolitan.

The Silent, yet Sound Faith

Fifth Sunday of Great Lent (Crippled woman)

Fr. Dr. Joshi Varghese, Bhilai
(Diocesan Education Officer & PRO, Calcutta Diocese)



Evening: St. Luke10: 25-37, Morning: St. Luke 7:11-17, Before Holy Qurbana: Gen 9: 1 -7, Jer 51: 1-9, Is 50: 1-5, Barazeera 51: 13 – 30 Holy Qurbana: I Pet 3: 8-16 Rom 12: 1- 15

St. Luke 13: 10-17

Healing of the crippled woman is one of the six miracles unique to the Gospel of Luke. The healing is also peculiar as Jesus healed her without any request from her or others.

a. An inclusive Worshipping community

"… the entire crowd was rejoicing at all the wonderful things that he was doing" (Lk 13:17).

St. Luke emphasises that the woman was crippled for eighteen years. "She was bent over and was quite unable to stand up straight" (13:11). It would have been extremely difficult for her to travel, yet in spite of her physical problem she used to attend the Synagogue worship on the Sabbaths. The foremost reason behind her attending the Synagogue would be her deep faith and love for God. Another reason for her regular attendance would be the worshipping community, which welcomed her and accepted her. They treated her as one among them despite her being crippled. She felt at home among her fellow faithful. When she was healed, they didn't grumble about the possibility of Sabbath being broken, rather rejoiced at the miracle.

A woman who actively participated in the Church services suffered a stroke and was bed ridden. After a few months she recovered partially and was able to walk with support. On a Sunday , after many months, she attended the Church service. After the Holy Qurbana, as all others went to the offertory, she waited to join the queue at the end. She looked at other women to support her as she struggled to walk, alas, no one cared to help her. This hurt her and she stopped going to the Church (which can't be condoned) and said 'if they don't care for their sister, would God care to be there?' This incident might be an exception but it shows how heartless a worshipping community can become.

The worshipping community of the crippled woman shall serve as a model on how to be an inclusive and accommodating community. The Church, represented through the worshipping communities/ parishes, is a place of consolation for the afflicted and tormented. It should be a place where all are accepted as they are; the rich and the poor, the sick and the healthy, the sinner and the saint, the man and the woman. Are our parishes able to accommodate everyone as the 'son/daughter of Abraham'? Or are they still labelled and divided on the basis of the differences in wealth, health, ancestry, language etc.? When a tragedy befall, in the form of sickness, accident or death, it's commonplace to see many offering their sympathy, visiting and praying for those who are affected. But as time passes, everyone gets used to that start overlooking the ill-fate. This often happens in case of prolonged illness or terminal illness. The woman who was crippled for eighteen long years draws our attention towards the chronically ill, who need our presence and prayers.

b. Jesus: A People Leader

The leader of the synagogue was indeed a religious man. He ensured that all the religious duties assigned to him are executed without fail and also the people religiously followed all the rules and regulations, especially pertaining to Sabbath. He meticulously followed the laws that he could have been chosen as the "Synagogue leader of the year'. He was concerned not about how many attended the worship but did those who attend follow all the rules. In short he was more concerned with the law than with the people. He did not allow anything which could possibly question the status-quo of the system.

But Jesus was concerned about the people who attended the Synagogue. He cared less about the system. Hence Jesus said "The Sabbath was made for humankind, and not humankind for the Sabbath" (Mk 2:27). Jesus can be viewed as a People Leader who inspired and transformed people. Social and religious systems have been made for the welfare of the humankind. If these systems oppress people, then there needs to be a re-interpretation and overhauling of the system so that it would enrich the people. The touchstone of an organisation should be how much is it contributing to the welfare and transformation of the people. Any religion, organisation or country to become transformational shall follow Gandhiji's words to "recall the face of the poorest and weakest man you have seen, and ask yourself if this step you contemplate is going to be any use to him". Such an attitude would help us to treat others as sons/ daughters of Abraham (Lk. 13:17) and not as inferior to 'an ox or donkey' (Lk. 13:16).Church is called to follow the path of Jesus in liberating people from their bondages and not to encumber the people with rigid laws similar to that of the leader of the Synagogue.

Jesus, as a leader, respected the system but vehemently opposed whenever it turned oppressive. He was not against the system or law but outrightly rejected it whenever it lost its 'spirit'. He gave more importance to the spirit of the law than to the letter itself.

Conclusion

The gospel passage reveals that the role of the true religion is to liberate people from the bondages; to straighten up from their crippled lives. People are to be dealt with compassion and not under the stern scrutiny of oppressive laws for we are called to "bring good news to the oppressed". The crippled woman had a sound and deep faith in God. Her silent faith was loud enough to be heard by God and to be healed.

❑